# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.22 No.3 കാർത്തികപ്പള്ളി R.No. 7361/02 2022 MARCH

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## പ്രതീക്ഷയോടെ ശാസ്ത്രലോകം

ഈ വർഷം തന്നെ മനുഷ്യന്റെ തലച്ചോറിൽ ന്യൂറലിങ്കിന്റെ ചിപ്പ് ഘടിപ്പിക്കുമെന്ന് ഇലോൺ മസ്ക്. ശരീരം തളർന്നു കിടക്കുന്നവർക്ക് പുതിയ ജീവിതം നൽകുന്നതായിരിക്കും ഈ നീക്കമെന്ന് ഒരു ജേണലിന് നൽകിയ അഭിമുഖത്തിൽ മസ്ക് പ്രതീക്ഷ പ്രകടിപ്പിച്ചു. അമേരിക്കൻ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ (FDA) അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ ലക്ഷ്യവും നേടാനാകുമെന്നാണ് മസ്ക് കരുതുന്നത്.



2016-ലാണ് ഇലോൺ മസ്ക് ബ്രയിൻ ഇന്റർഫേസ് ടെക് കമ്പനിയായ ന്യൂറലിങ്ക് സ്ഥാപിക്കുന്നത്. 2021 ആകുമ്പോഴേക്കും നിർണായകമായ നേട്ടങ്ങൾ സ്വന്തമാക്കാൻ ന്യൂറലിങ്കിന് സാധിച്ചിട്ടുണ്ട്. പോയ വർഷമാണ് ന്യൂറലിങ്ക് മസ്തിഷ്കത്തിൽ ചിപ്പ് ഘടിപ്പിച്ച ഒരു കുരങ്ങൻ മിൻഡ്പോങ് ഗെയിം കളിച്ച് ഞെട്ടിച്ചത്.

അടുത്തിടെ വാൾസ്ട്രീറ്റ് ജേണൽ സി.ഇ.ഒ.യുമായി സംസാരിക്കുന്നതിനിടെ ന്യൂറലിങ്കിനെക്കുറിച്ചും മസ്ക് സൂചിപ്പിച്ചിരുന്നു. 'കുരങ്ങിൽ കൃത്യമായി പ്രവർത്തിക്കുന്ന ന്യൂറലിങ്ക് നമുക്കുണ്ട്. ഇത് സുരക്ഷിതവും വിശ്വസിക്കാവുന്നതുമായ സാങ്കേതികവിദ്യയാണെന്ന് നിരവധി പരീക്ഷണങ്ങളിലൂടെ ഞങ്ങൾ ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. ആവശ്യമുള്ളപ്പോൾ ന്യൂറലിങ്ക് ചിപ്പുകളെ എടുത്തുമാറ്റുകയും ചെയ്യാം' എന്നും മസ്ക് പറഞ്ഞു. നട്ടെല്ലിന് ക്ഷതമേറ്റവരേയും ശരീരം തളർന്നു കിടക്കുന്നവരേയുമെല്ലാം ന്യൂറലിങ്ക് ചിപ്പുകൾ സഹായിക്കുമെന്നാണ് കരുതുന്നത്. അവരുടെ ആവശ്യങ്ങൾ മറ്റുള്ളവരെ അറിയിക്കാനും ഇതിലൂടെ കൂടുതൽ സ്വാതന്ത്ര്യം ലഭിക്കാനും ഈ ചിപ്പ് സാങ്കേതികവിദ്യ സഹായിക്കും.

## മാസ്ക്കിൽ
### ഒരു ആധുനിക ആവിഷ്ക്കാരം

ആവശ്യകതയാണ് ആവിഷ്കാരത്തിന്റെ അമ്മ എന്നൊരു ചൊല്ലുണ്ട് - അത് അന്വർഥമാക്കുന്ന തരത്തിലൊരു മാസ്കാണ് ഇപ്പോൾ കൊറിയൻ കമ്പനിയായ എൽ.ജി അവതരിപ്പിച്ചിരിക്കുന്നത്. മാസ്ക് ആയി പ്രവർത്തിക്കുന്ന ഒരു വായു ശുദ്ധീകരണ ഉപകരണമാണ് കമ്പനി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. പ്യൂരികെയർ വെയറബിൾ എയർ പ്യൂരിഫയർ (PuriCare Wearable Air Purifier) എന്നു പേരിട്ടിരിക്കുന്ന മാസ്ക്, ഒരാൾ മുഖത്തു ധരിക്കുമ്പോൾ തന്നെ പ്രവർത്തിച്ചു തുടങ്ങുന്നു. എൽ.ജി കമ്പനി വീടുകൾക്കായി നിർമിക്കുന്ന എയർ പ്യൂരിഫയറുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹൈ എഫിഷ്യൻസി പാർട്ടിക്യുലേറ്റ് അബ്സോർബിങ് (high-efficiency particulate absorbing and high-efficiency particulate arrestance) അഥവാ ഹെപാ ഫിൽറ്ററുകളാണ് മാസ്കിലും ഉപയോഗിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള രണ്ടെണ്ണമാണ് മാസ്കിൽ പ്രവർത്തിക്കുന്നത്. ഇവയുടെ ശേഷി കുറയുമ്പോൾ മാറ്റിവയ്ക്കുകയും ചെയ്യാം. ഇവയ്ക്കൊപ്പം ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഫാനുകളും മാസ്കിലുണ്ട്. ഇവ ഉപയോക്താവിന്റെ ശ്വാസോച്ഛ്വാസം എളുപ്പമാക്കുമെന്നാണ് കമ്പനി അവകാശപ്പെടുന്നത്. പല മാസ്കുകളും ശ്വാസോച്ഛ്വാസം തടസപ്പെടുത്തുന്നവയാണ് എന്നൊരു പരാതി നിലനിൽക്കുമ്പോഴാണ് എൽ.ജി അതിനൊരു പ്രതിവിധി പരീക്ഷിക്കാൻ ഒരുങ്ങിയിരിക്കുന്നത്. ഇതിനായി സെൻസറുകളും മാസ്കിനുള്ളിൽ പിടിപ്പിച്ചിരിക്കുന്നു. ഉപയോക്താവ് ശ്വാസംവിടുകയാണോ വലിക്കുകയാണോ എന്നു തിരിച്ചറിയാനുള്ള ശേഷി മാസ്കിലെ സെൻസറുകൾക്കുണ്ട്. അവ അതിനനുസരിച്ച് പ്രവർത്തിച്ച് ശ്വാസോച്ഛ്വാസം സുഗമമാക്കുന്നുവെന്നും കമ്പനി പറയുന്നു.



## കൃത്രിമ സൂര്യനുമായി ബഹിരാകാശത്തേക്ക്



യഥാർഥ സൂര്യനേക്കാൾ അഞ്ചിരട്ടി ചൂടോടെ പ്രവർത്തിക്കാൻ കഴിയുന്ന 'കൃതിമ സൂര്യനെ' ചൈന വികസിപ്പിച്ചെടുത്തു എന്ന വാർത്ത കഴിഞ്ഞ ദിവസങ്ങളിൽ രാജ്യാന്തര മാധ്യമങ്ങളിലെല്ലാം വലിയ ചർച്ചയായിരുന്നു. എന്നാൽ, ഈ കൃത്രിമ സൂര്യനെ ചൈന ബഹിരാകാശത്തേക്ക് വിക്ഷേപിച്ചുവെന്ന് വാദിക്കുന്ന ഒരു വീഡിയോയും സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. പക്ഷേ ഇത് വ്യാജമാണോ? പരിശോധിക്കാം...

ശാസ്ത്രലോകത്തെ ഒന്നടങ്കം ഞെട്ടിക്കുന്ന ഒരു കൂട്ടം പരീക്ഷണങ്ങൾക്ക് പിന്നാലെ പോകുന്ന രാജ്യമാണ് ചൈന. കൃതിമ ചന്ദ്രനും നക്ഷത്രങ്ങളും, ചൊവ്വയിലേക്കും ചന്ദ്രനിലേക്കും യാത്ര തുടങ്ങി നിരവധി ദൗത്യങ്ങൾക്ക് വേണ്ടുവോളം പണം ചെലവിടുന്നവരാണ് ചൈന. ഇപ്പോഴിതാ 'കൃത്രിമ സൂര്യന്റെ പരീക്ഷണങ്ങൾക്ക് പിന്നാലെയാണ് ചൈനീസ് ഗവേഷകർ. യഥാർഥ സൂര്യനേക്കാൾ പത്തിരട്ടി ചൂടുള്ള കൃതിമ സൂര്യന്റെ പരീക്ഷണങ്ങൾ തകൃതിയായി നടക്കുന്നുണ്ട്. ദിവസങ്ങൾക്ക് മുൻപ് കൃതിമ സൂര്യനെ ഉപയോഗിച്ച് ചൈന മറ്റൊരു റെക്കോർഡ് നേട്ടവും കൈവരിച്ചു.

ചൈനയുടെ 'കൃതിമ സൂര്യന്റെ ഏറ്റവും പുതിയ പരീക്ഷണത്തിൽ 70 ദശലക്ഷം ഡിഗ്രിയിൽ 17.36 മിനിറ്റ് ജ്വലിച്ചു എന്നാണ് റിപ്പോർട്ട്. യഥാർഥ സൂര്യനേക്കാൾ അഞ്ചിരട്ടി ചൂടിലായിരുന്നു കഴിഞ്ഞ ദിവത്തെ പരീക്ഷണത്തിൽ കൃത്രിമ സൂര്യൻ പ്രവർത്തിച്ചത്. അണുസംയോജനത്തിന്റെ ശക്തി പ്രയോജനപ്പെടുത്താൻ യന്ത്രം സഹായിക്കുമെന്നാണ് ഈ പരീക്ഷണത്തിലൂടെ ശാസ്ത്രജ്ഞർ പ്രതീക്ഷിക്കുന്നത്. ഇത് സൂര്യനുള്ളിൽ സ്വാഭാവികമായി സംഭവിക്കുന്ന പ്രതിപ്രവർത്തനങ്ങളെ അനുകരിച്ചുകൊണ്ട് 'പരിധിയില്ലാത്ത ഊർജ്ജം' കൃത്രിമമായി സൃഷ്ടിക്കാൻ മനുഷ്യനെ സഹായിക്കും.

എന്നാൽ, ചൈന ഒരു കൃത്രിമ സൂര്യൻ വികസിപ്പിച്ചെടുത്തത് ശരിയാണെങ്കിലും, ഇന്റർനെറ്റിൽ പ്രചരിക്കുന്ന വീഡിയോ തെറ്റായാണ് ലേബൽ ചെയ്യപ്പെടുന്നത്. യഥാർത്ഥത്തിൽ ഒരു ഉപഗ്രഹ വിക്ഷേപണത്തിന്റെ പഴയ വീഡിയോയാണിത്.

## ഉറക്കം വരില്ല



ഉറങ്ങാൻ പോകുന്നതിനു തൊട്ടുമുൻപ് ഉപയോഗിച്ചാൽ നിങ്ങളുടെ ഉറക്കത്തിന്റെ ഗുണനിലവാരം നശിപ്പിക്കുന്ന മൊബൈൽ ആപ്പുകളുടെ ലിസ്റ്റ് പുറത്ത്. ഉറങ്ങാൻ പോകുന്നതിനു തൊട്ടുമുൻപ് ഫോൺ ഉപയോഗിക്കുകയാണെങ്കിൽ അത് ആരോഗ്യത്തിനു മാത്രമല്ല, നിങ്ങളുടെ ഉറക്കത്തിന്റെ ഗുണനിലവാരത്തെയും ബാധിക്കുമെന്ന് സ്ലീപ്ജങ്കി റിപ്പോർട്ട് ചെയ്യുന്നു. ഉറങ്ങാൻ പോകുന്നതിനു തൊട്ടുമുൻപ് ഉപയോഗം ഒഴിവാക്കേണ്ട ആപ്പുകൾ ഏതൊക്കെയാണെന്ന് സർവേയിലൂടെ കണ്ടെത്തിയതായും ഗവേഷകർ അറിയിച്ചു. ടിക് ടോക്ക് ലോകമെമ്പാടും ഏറ്റവും ജനപ്രിയ സമൂഹ മാധ്യമ ആപ് ആണെങ്കിലും രാത്രി ഉപയോഗം കുറയ്ക്കേണ്ട ആപ്പുകളിൽ ഒന്നാമതാണ് ഇതെന്ന് ഗവേഷകർ പറയുന്നു. ഇന്ത്യയിൽ ഇതിന്റെ ഉപയോഗം നേരത്തെ സർക്കാർ നിരോധിച്ചിട്ടുണ്ട്. എന്നാൽ ശേഷിക്കുന്ന ആപ്പുകളെല്ലാം ഇന്ത്യയിലും ലഭ്യമാണ്. ഇൻസ്റ്റാഗ്രാം, ടിറ്റർ, ഫെയ്സ്ബുക്, വാട്സാപ്, യുട്യൂബ് എന്നിവയാണ് ലിസ്റ്റിലെ മറ്റു പ്രധാന ആപ്പുകൾ.

## ജോലി പോയ മന്ത്രവാദി



ഇയാൻ ബാക്കൺബറി ചാനൽ എന്ന എൺപത്തെട്ടുകാരനെ ന്യൂസീലൻഡിലെ ക്രൈസ്റ്റ് ചർച്ച് നഗരത്തിന്റെ ഭരണാധികാരികൾ ഈയിടെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. എന്തായിരുന്നു ജോലിയെന്നോ? ക്രൈസ്റ്റ് ചർച്ചിന്റെ ഔദ്യോഗിക മന്ത്രവാദി.പുതിയ കാലത്തെ നഗരത്തിന്റെ വികസന പരിപാടികളിൽ ഒരു മന്ത്രവാദിക്കു റോളില്ലെന്നു പറഞ്ഞാണ് പിരിച്ചുവിടൽ. ഔദ്യോഗിക മന്ത്രവാദിയുള്ള ഒരേയൊരു നഗരമായിരുന്നു ക്രൈസ്റ്റ്ചർച്ച്. 1990 ലാണ് ഇയാൻ ചാനലിനോട് അന്നത്തെ പ്രധാനമന്ത്രി മൈക്ക് മൂർ ന്യൂസിലൻഡിന്റെ ഔദ്യോഗിക മന്ത്രവാദിയാകാൻ പറഞ്ഞത്. 1998-ൽ ക്രൈസ്റ്റ് ചർച്ച് ഭരണകൂടം അതു ശമ്പളമുള്ളൊരു ജോലിയാക്കി. കൂർത്ത തൊപ്പിയും കറുത്ത വേഷവുമൊക്കെ ധരിച്ച് നഗരത്തിൽ ചുറ്റിനടന്ന് 'മാന്ത്രിക ഷോ' നടത്തുകയായിരുന്നു പ്രധാന ജോലി. 'വിസാഡ്' (മന്ത്രവാദി) എന്ന പേരിൽ ഡ്രൈവിങ് ലൈസൻസ് വരെ ഉണ്ടായിരുന്നു ഈ അപ്പൂപ്പന്!


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |



# വിലയേറിയവനോ വിശ്വസ്തനോ?



ക്രിസ്തീയലോകത്ത് ഇന്നു സർവ്വസാധാരണമായിരിക്കുന്ന 'കർത്താവിന്റെ വിലയേറിയ ദാസൻ' പോലെയുള്ള സംബോധനകൾ കേൾക്കുമ്പോൾ അതൊരു തമാശയായി തോന്നാറുണ്ട്. 'ദാസൻ' 'വേലക്കാരൻ' എന്ന സ്ഥാനം ഒരുവൻ എടുക്കുമ്പോൾ താഴ്മയുള്ള ഒരു നിലപാടാണ് അവൻ കൈക്കൊള്ളുന്നത്. അവൻ ഭംഗ്യന്തരേണ പറയുന്നത് താൻ ഒരടിമയാണെന്നാണ്. സ്വന്തമായി അവകാശങ്ങളോ സ്വാതന്ത്ര്യമോ ഇല്ലാത്തവനാണ് അടിമ. എന്നാൽ താഴ്മയുടെ ഈ നിലപാടിലേക്കു വന്നശേഷം അവിടെ ലോകത്തിന്റെ മൂല്യങ്ങളും വലിയവനാകാനുള്ള മത്സരങ്ങളും കൊണ്ടുവരികയാണു പലരും. അത്ഭുതമെന്നു പറയട്ടെ ക്രിസ്തീയലോകത്ത് ഇന്ന് 'കർത്താവിന്റെ ദാസന്മാരില്ല 'കർത്താവിന്റെ വിലയേറിയ ദാസന്മാരെ' ഉള്ളൂ. 'കർത്താവിന്റെ വിലയേറിയ ദാസനെ'ന്നു സംബോധന ചെയ്യപ്പെടാൻ ആഗ്രഹിക്കുകയും 'കർത്താവിന്റെ ദാസനെ'ന്നു മാത്രം ആരെങ്കിലും വിളിച്ചാൽ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന വിലയില്ലാ ദാസന്മാരെ നമുക്കെവിടെയും കാണാം.

"ഒരു വാക്കിലെന്തിരിക്കുന്നു' എന്നു പറഞ്ഞ് ഇതിനെ നിസ്സാരവൽക്കരിക്കാൻ വരട്ടെ. ഒരു വാക്കിനും സംബോധനയ്ക്കും പിന്നിൽ ഒരു മനോഭാവമുണ്ട്. ക്രിസ്തീയ ലോകത്തെ 'കർത്താവിന്റെ വേലക്കാരൻ 'വിലയേറിയ ദാസനും' 'റവറണ്ടും' (ഭയങ്കരൻ എന്നാണ് ആ വാക്കിന്റെ നേരർത്ഥം) ഒക്കെ ആയി മാറിയത് എത്ര വേഗത്തിലാണ്!



വാക്കിലെ വൈരുദ്ധ്യവും ചിന്താവിഷയമാക്കേണ്ടതാണ്. കർത്താവിന്റെ എളിയ ദാസൻ' എന്ന് ഒരുവൻ തന്നെത്തന്നെ വിശേഷിപ്പിക്കുകയും അതേസമയം അവകാശങ്ങൾക്കും സ്ഥാനമാനങ്ങൾക്കുംവേണ്ടി അവൻ പോരാടുകയും ചെയ്താൽ വാക്കിലെ എളിമകൊണ്ട് എന്തുകാര്യം? പദവികൾ ഒന്നും എടുക്കാതെ 'സഹോദരൻ' എന്ന വിനയപൂർവം സ്വയം വിളിക്കുന്ന ഒരുവൻ വാസ്തവത്തിൽ ഉള്ളിൽ 'റവറണ്ടി'നെക്കാൾ അഹങ്കാരിയായിരിക്കുവാൻ സാധ്യതയില്ലേ? ചുരുക്കത്തിൽ ദൈവം മനോഭാവങ്ങളെ അറിയുന്നു. വഞ്ചിക്കപ്പെടരുത്! നമുക്കാർക്കും ദൈവത്തെ കബളിപ്പിക്കുവാൻ കഴിയുകയില്ല. (ഗലാത്യർ 6:7). നാം നമ്മെ എന്തു വിളിച്ചാലും ദൈവം നമ്മെ വിളിക്കാനാഗ്രഹിക്കുന്ന ഒരു സംബോധനയുണ്ട്. അതു 'വിലയേറിയ ദാസൻ' എന്നല്ല മറിച്ച് 'വിശ്വസ്ത ദാസ'നെന്നാണ്. (1 കൊരിന്ത്യ. 4;1, 2; ലൂക്കോ . 12:43; മത്താ .25:21, 23; ലൂക്കോ . 19:17). വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരുടെ ഇടയിൽ കുറയുന്ന ഈ കാലത്തു കർത്താവിന്റെ വിശ്വസ്തദാസനായിരിക്കാൻ നാം എന്താണു ശ്രദ്ധിക്കേണ്ടത്?

തങ്ങൾ യേശുകർത്താവിന്റെ ദാസന്മാരാണെന്ന് ക്രിസ്തീയലോകത്ത് എല്ലാവരും അവകാശപ്പെട്ടേക്കാം. എന്നാൽ കർത്താവ് ആരായിരുന്നു? അവിടുന്നു സ്വയം ഇങ്ങനെ പ്രഖ്യാപിച്ചു: "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിക്കാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനു'മാണു വന്നത് (മത്തായി 20:28). ശുശ്രൂഷിക്കാൻ വന്ന ദാസനായിരുന്നു യേശു. അവിടുന്നു ദാസനായിരിക്കുമെന്നു കർത്താവിന്റെ വരവിന് 700 വർഷം മുൻപ് യെശയ്യാവും ചൂണ്ടിക്കാട്ടി (42:1, മത്തായി12:17–21). പ്രവചനം ശരിവച്ചുകൊണ്ട് കാലസമ്പൂർണതയിൽ അവിടുന്നു ദാസനായി (ഫിലി.2:7).

അവിടുന്നു ദാസനാണെങ്കിൽ ഇന്നത്തെ 'കർത്താവിന്റെ ദാസൻ', ദാസന്റെ ദാസനാണ് . അങ്ങനെയാണെങ്കിൽ ശുശ്രൂഷ ചെയ്യാനും ജീവനെ നൽകാനും ദാസനായിരിക്കാനും വന്ന യേശുവിന്റെ ജീവിതദർശനത്താൽ പിടിക്കപ്പെടാത്ത ഒരുവൻ താൻ കർത്താവിന്റെ ദാസനാണെന്ന് അവകാശപ്പെടുന്നതിൽ എന്തർത്ഥമാണുള്ളത്? യേശു ത്യാഗത്തിലൂടെയാണ് ഈ ലോകത്തെ രക്ഷിച്ചത്. സ്വയം നഷ്ടപ്പെടുത്തുന്നതും ഉപേക്ഷിക്കുന്നതും വിട്ടുകൊടുക്കുന്നതുമായ മാർഗ്ഗമാണ് അവിടുന്നു കാണിച്ചു തന്നത്. എന്നാൽ കർത്താവിന്റെ ഈ ജീവിതവീക്ഷണം സ്വീകരിക്കുവാൻ മനസ്സില്ലാതെ യേശുവിനെ സ്വർഗ്ഗത്തിൽ പോകാനുള്ള ഉപാധിയായും ഭൗതികനേട്ടങ്ങൾ കയ്യാളാനുള്ള മാർഗ്ഗമായും കാണുന്നവർ കർത്താവിന്റെ ദാസരാണെന്ന് അവകാശപ്പെട്ടാൽ അതു കാപട്യമല്ലേ?

ഒരിക്കൽ ജീവിതത്തിൽ യേശുവിന്റെ കർതൃത്വം സ്വീകരിച്ച് അവിടുത്തെ ദാസനായി മാറിയവൻ പിന്നീട് ആ മനോഭാവത്തിൽ നിന്നു മാറി, 'ഇപ്പോൾ തനിക്ക് ഒരു യജമാനനേയുള്ളൂ അതു താൻ തന്നെയാണ്' എന്ന നിലപാടിൽ എത്തിച്ചേരുന്നതും ഇന്നു ക്രിസ്തീയലോകത്തിൽ കാണാം. എന്നാൽ കർത്താവിന്റെ യഥാർത്ഥദാസൻ അവിടുത്തെ ആജീവനാന്തദാസൻ (Bonded servant) ആയിരിക്കണം. ദാസൻ ആയിരിക്കുക എന്നത് ഒരു പാർട്ട് ടൈം ജോലിയല്ല. കർത്താവിന്റെ യഥാർത്ഥ ആജീവനാന്ത ദാസ്യത്തിലേക്ക് ഒരുവനെ നയിക്കുന്നതു കർത്താവിനോടുള്ള കറയില്ലാത്ത സ്നേഹവും സമർപ്പണവും ആ വഴിയിൽ അവനു ലഭ്യമാകുന്ന സ്വസ്ഥതയുമാണ്. (ആവർത്തനം15:16; പുറപ്പാട് 21:5).

നമ്മുടെ ശുശ്രൂഷയുടെ ലക്ഷ്യം എന്തായിരിക്കണം? യേശു പറഞ്ഞ ദാസന്റെയും യജമാനന്റെയും ഉപമയിൽ നിന്നു ഇക്കാര്യം വ്യക്തമാണ്. വയലിൽ അധ്വാനിക്കുന്ന ദാസൻ തിരികെ വീട്ടിലെത്തിയപ്പോൾ യജമാനൻ പറയുന്നു: "ആദ്യം എനിക്ക് അത്താഴം ഒരുക്കുക. ഞാൻ തിന്നുകുടിച്ചു തീരുവോളം അരകെട്ടി എനിക്കു ശുശ്രൂഷ ചെയ്ക. പിന്നെ നീയും തിന്നു കുടിച്ചു കൊൾക.' (ലൂക്കോ. 17:9). അർത്ഥം: നീ ആദ്യം എന്നെ തൃപ്തിപ്പെടുത്തുക. അതെ, ഒന്നാമതു യജമാനനു തൃപ്തിവരണം. മറ്റെല്ലാം അതിനുശേഷം മാത്രം.

നാം ശുശ്രൂഷിക്കുന്ന ആളുകളുടെ തൃപ്തിയോ അവരുടെ അംഗീകാരമോ പ്രവർത്തനത്തിന്റെ വൈപുല്യമോ ഒന്നും ആയിരിക്കരുത് നമ്മുടെ ശുശ്രൂഷയുടെ ലക്ഷ്യം. മറിച്ച് ഒന്നാമത് യജമാനനു തൃപ്തി വരട്ടെ. നമ്മുടെ ഉപദേശനിശ്ചയമോ പ്രവർത്തനവൈപുല്യമോ ഒന്നുമല്ല മറിച്ച് നമ്മുടെ ജീവിതത്തിലെ വിശ്വസ്തതയാണു യജമാനനു തൃപ്തി വരുത്തുന്നത്. നമുക്കെല്ലാം ഒരേയൊരു ജീവിതമാണു ലഭിച്ചിട്ടുള്ളത്. ഈ ജീവിതത്തിലെ നമ്മുടെ വിശ്വസ്തതയാണ് യജമാനൻ കണക്കിലെടുക്കുന്നതെന്ന് പത്തു ദാസന്മാർക്ക് ഒരോ റാത്തൽ വെള്ളി കൊടുത്ത ഉപമയിൽ നിന്നു വ്യക്തമാണ് (ലൂക്കോ. 19:11–27). അതുപോലെ ഉപദേശമല്ല നമുക്ക് അലങ്കാരമായിരിക്കേണ്ടത് മറിച്ചു ജീവിതത്തിലെ വിശ്വസ്തതകൊണ്ട് ദാസന്മാർ ഉപദേശത്തെ അലങ്കരിക്കുകയാണു വേണ്ടതെന്നു പൗലൊസും ചൂണ്ടിക്കാണിക്കുന്നു. (തീത്തോസ് 2:9,10).



# സംസാരത്തെ മെച്ചപ്പെടുത്തുന്ന നിശബ്ദത



യോന പ്രവാചകനെ വിഴുങ്ങിയ ഭീമനായ ആ തിമിംഗലത്തെക്കുറിച്ചു രസകരമായ ഒരു കഥയുണ്ട്. ആരും പ്രതീക്ഷിക്കാതിരുന്ന സമയത്തുണ്ടായ കടൽക്ഷോഭത്തിന്റെ കാരണം യോന പ്രവാചകനാണെന്നു മനസിലായപ്പോൾ കപ്പൽക്കാർ പ്രവാചകനെ കടലിലേക്കു വലിച്ചെറിഞ്ഞു. അപ്പോൾ പ്രവാചകൻ ചെന്നുവീണതാകട്ടെ ഒരു തിമിംഗലത്തിന്റെ വായിലേക്കും!

അധ്വാനമൊന്നും കൂടാതെ അപ്രതീക്ഷിതമായി വലിയൊരു ഇരയെ കിട്ടിയതിൽ തിമിംഗലത്തിന് ഏറെ സ ന്തോഷമായി. പക്ഷേ, യോനാ പ്രവാചകൻ വയറിനകത്തെത്തിയ നിമിഷം മുതൽ തിമിംഗലത്തിനു വയറുവേദന തുടങ്ങി. മൂന്നു രാവും പകലും മുഴുവനും കലശലായ വയറുവേദനയുമായി തിമിംഗലം വെള്ള ത്തിലൂടെ വട്ടത്തിലും നീളത്തിലും അലഞ്ഞു. അവസാനം, സഹികെട്ടപ്പോൾ തിമിംഗലം പ്രവാചകനെ സമുദ്രതീരത്തേക്കു ഛർദിച്ചു.

പ്രവാചകനെ ഛർദിച്ചയുടനേ തിമിംഗലത്തിന്റെ വയറുവേദന മാറി. അപ്പോൾ തിമിംഗലം പ്രവാചകനോടു പറഞ്ഞു: "അങ്ങയെ വിഴുങ്ങാനിടയായത് എന്റെ കാലക്കേട് എന്നല്ലാതെ എന്തു പറയാനാണ്?" അപ്പോൾ പ്രവാചകൻ പറഞ്ഞു: നീ ആവശ്യമില്ലാതെ വായ് തുറന്നതല്ലേ ഇതിനെല്ലാം കാരണം? ഇനി യെങ്കിലും ആവശ്യമുള്ളപ്പോൾ മാത്രം വായ് തുറക്കാൻ പഠിക്കൂ."



തിമിംഗലത്തിനു യോനാ പ്രവാചകൻ നല്കിയ ഈ ഉപദേശം ബൈബിളിൽ നോക്കിയാൽ നാം കാണി ല്ല. എന്നാൽ, പ്രവാചകന്റെ ഈ ഉപദേശം തിമിംഗലത്തേക്കാൾ ഏറെ ആവശ്യമായിരിക്കുന്നതു നമ്മളിൽ പലർക്കുമാണ്.

അവസരത്തിലും അനവസരത്തിലും ഒരുപോലെ വായ് തുറക്കുന്നവരെ പലപ്പോഴും നാം കാണാറുണ്ട്. എപ്പോഴാണ് വായ് അടയ്ക്കേണ്ടതെന്ന് അവർക്കറിയില്ല. പക്ഷേ അതുകൊണ്ടു സംഭവിക്കുന്നതെന്താണെന്നോ? അവർക്കെന്നതുപോലെ മറ്റുള്ളവർക്കും അവർ വേദനകൾ സൃഷ്ടിക്കുന്നു.

ആലോചിച്ചുനോക്കൂ. നമ്മുടെയൊക്കെ ജീവിതത്തിൽ പലപ്പോഴും പല പ്രശ്നങ്ങൾക്കും വേദനകൾക്കും കാരണം നമ്മളോ അല്ലെങ്കിൽ മറ്റാരെങ്കിലുമോ അനവസരത്തിൽ വായ് തുറക്കുന്നതല്ലേ? വേണ്ടത്ര ആത്മസംയമനം പാലിച്ചുകൊണ്ട് നിശബ്ദത പാലിക്കേണ്ട കാര്യങ്ങളിലും സമയങ്ങളിലും നാം വായ് തുറക്കാതിരിക്കുകയാണെങ്കിൽ പല പ്രശ്നങ്ങളും വേദനകളും നമുക്കൊഴിവാക്കാനാവും. അതുപോലെതന്നെ, ചിലപ്പോഴെങ്കിലും നാം നിർബന്ധമായും വായ് തുറക്കേണ്ടതും ആവശ്യമാണ്. പ്രത്യേകിച്ചും നമ്മുടെ മൗനം തെറ്റിനെ അംഗീകരിക്കുന്നതുപോലെയായിത്തീരുന്ന അവസരങ്ങൾ വരുമ്പോൾ.

ഒരിക്കലൊരു ടൂറിസ്റ്റ് ഒരു ചെറിയ ഗ്രാമത്തിലെത്താനിടയായി. അവിടെയുണ്ടായിരുന്ന ഏക റെസ്റ്ററന്റിൽ അയാൾ ഭക്ഷണം കഴിക്കാൻ കയറുമ്പോൾ അവിടെ പലരും വട്ടംകൂടിയിരിപ്പുണ്ടായിരുന്നു. പക്ഷേ, അവരിൽ ആരും തന്നെ ഒന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല. ടൂറിസ്റ്റായി എത്തിയ ആൾ മറ്റുള്ളവരോടു സൗഹൃദ സംഭാഷണത്തിനു ശ്രമിച്ചിട്ട് അവരിൽനിന്നു വലിയ പ്രതികരണം ലഭിച്ചില്ല. അപ്പോൾ അയാൾ ചോദിച്ചു: എന്താ, ഇവിടെ ആരും സംസാരിക്കരുതെന്ന് എന്തെങ്കിലും നിയമവും മറ്റുമുണ്ടോ?"

അപ്പോൾ ഒരാൾ മറുപടിയായി പറഞ്ഞു: അങ്ങനെ നിയമമൊന്നുമില്ല. എന്നാൽ നിശബ്ദതയേക്കാൾ മെച്ചമായിട്ടെന്തെങ്കിലും നല്കാനുണ്ടെങ്കിലേ സംസാരിക്കാവൂ എന്നൊരു ധാരണ ഞങ്ങൾക്കുണ്ട്.'

നമുക്കും ഇമ്മാതിരി ഒരു ധാരണ ഉണ്ടാവുന്നതു നല്ലതാണ്. നാം സംസാരിക്കുന്നുവെങ്കിൽ അതു നിശബ്ദതയേക്കാൾ മെച്ചമായിട്ടെന്തെങ്കിലും മറ്റുള്ളവർക്കു നൽകാൻ സാധിക്കുന്നതാണെന്ന് നാം ഉറപ്പുവരുത്തണം. അല്ലാതെ, നാക്കുള്ളതുകൊണ്ട് നമുക്കെന്തും പറയാം എന്നൊരു ചിന്ത വേണ്ട.

നമ്മുടെ സംസാരം നമുക്കും മറ്റുള്ളവർക്കും ആനന്ദവും ആശ്വാസവും നല്കുന്ന തരത്തിലുള്ളതായിരിക്കട്ടെ. അതുപോലെ, നമ്മുടെ സംസാരം നമുക്കോ മറ്റുള്ളവർക്കോ ഏതെങ്കിലും രീതിയിൽ ഹാനികരമായി ത്തീരുന്നുണ്ടോ എന്നു പരിശോധിക്കാനും മറക്കരുത്.



# ബാലവേദി



## ബുദ്ധിയാണ് ഇവരുടെ 'മെയിൻ!'



മരപ്പൊത്തുകളും പാറയിടുക്കുകളും പോലുള്ള കൊക്ക് എത്താത്ത സ്ഥലങ്ങളിൽ 'റെസ്റ്റ്' എടുക്കുന്ന പ്രാണികളെ പക്ഷികൾ എങ്ങനെ പിടികൂടും? പക്ഷികളല്ലേ, പ്രാണികൾ പുറത്തിറങ്ങുന്നതുവരെ കാത്തിരിക്കും, വേറെ എന്തുചെയ്യാൻ എന്നാണോ ആലോചിക്കുന്നത്? എങ്കിൽ നിങ്ങൾക്ക് പക്ഷിക്കുടുംബത്തിലെ കില്ലാടികളായ കാക്കകളെ വേണ്ടത്ര പരിചയം കാണില്ല!

തല കടക്കാത്ത ഇടുങ്ങിയ പാത്രത്തിനുള്ളിൽ കല്ലുകളിട്ടു വെള്ളം കുടിച്ച കാക്കയുടെ കഥ കേട്ടിട്ടില്ലേ? അതുകൊണ്ട് ഇക്കൂട്ടരുടെ വിരുതിന്റെ കാര്യത്തിൽ ആർക്കും സംശയമേയില്ല. എന്നാൽ, ഇതിലും അതിശയിപ്പിക്കുന്ന മറ്റൊരു കാര്യം ഗവേഷകർ ഈയിടെ കണ്ടെത്തി; തലച്ചോറിന്റെ ഘടനയിലും പെരുമാറ്റരീതികളിലും കാക്കകളും മനുഷ്യരും തമ്മിൽ സാമ്യമുണ്ട്!

വലിയ തലച്ചോർ, ദീർഘായുസ്സ്, കൂട്ടംകൂടിയുള്ള ജീവിതം എന്നീ കാര്യങ്ങളിൽ കാക്കകളും മനുഷ്യരും ഭായ്-ഭായ് ആണ്! അറിവും ബോധവുമൊക്കെ കാക്കകൾക്കുമുണ്ട്. പഴയ അനുഭവങ്ങളിൽനിന്ന് പഠിച്ച പാഠങ്ങൾ ഉപയോഗിച്ച് അവർ പ്രശ്നങ്ങൾ സോൾവ് ചെയ്യും! പുതിയ അറിവുകളും ഓർമ്മകളും തലച്ചോറിന്റെ മുൻവശത്ത് കൂടുതൽ കാലം സൂക്ഷിച്ചുവയ്ക്കാനും അവ ഉപയോഗിച്ച് ഓരോ പുതിയ സാഹചര്യത്തിലും എന്ത് ചെയ്യണം എന്ന് തീരുമാനിക്കാനുമുള്ള കഴിവ് ഇവർക്കുണ്ടെന്നാണ് ഇതിന്റെ അർഥം.

ടൂൾസ് ഉണ്ടാക്കാനും പ്രശ്നങ്ങൾ ഈസിയായി പരിഹരിക്കാനുമുള്ള കാക്കകളുടെ മിടുക്ക് വർഷങ്ങളായി ഗവേഷകരെ 'വണ്ടറടിപ്പിച്ച ' കാര്യമാണ്. കുഞ്ഞുകുന്തങ്ങൾ, കൊളുത്തുകൾ തുടങ്ങിയ ഉപകരണങ്ങൾ കൂടാതെ ഒന്നിലധികം വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രഫഷണൽ' ആയുധങ്ങളും കാക്കകൾ ഉണ്ടാക്കാറുണ്ട്. പനയോലയിൽ നിന്ന് ഈർക്കിൽ മാത്രം എടുത്തു പ്രയോഗിക്കുന്ന വിരുതന്മാർ വരെ കൂട്ടത്തിലുണ്ട്!

കുന്തം കൊണ്ട് കുത്തി ഇരപിടിക്കുക, കൊളുത്തിട്ട് ഉടക്കിവലിക്കുക തുടങ്ങിയ കാര്യങ്ങളൊക്കെ ഇവർക്ക് ചെയ്യാനറിയാം! അതിനൊക്കെ എന്ത് ഉപകരണങ്ങൾ ഉപയോഗിക്കണം എന്നും അറിയാം!



## അബദ്ധത്തിൽ ഒരു കണ്ടുപിടിത്തം







വർഷം 1945. റഡാറിൽ ചില പരീക്ഷണങ്ങൾ നടത്തുകയായിരുന്നു പേഴ്സി പെൻസർ എന്ന അമേരിക്കൻ എൻജിനീയർ. തന്റെ പോക്കറ്റിൽ കിടന്ന കടല മിഠായി അലിയാൻ തുടങ്ങിയത് ഇടയ്ക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉടനെതന്നെ സ്പെൻസർ ഒരു കൂട് പോപ്കോൺ സംഘടിപ്പിച്ച് റഡാറിന്റെ അടുത്തുവച്ചു. കുറച്ചുനേരത്തിനുള്ളിൽ കൂട് പൊട്ടി പോപ്കോൺ ലാബിൽ ആകെ തെറിച്ചു വീണു. ആഹാരസാധനങ്ങൾ ഉപയോഗിച്ചുള്ള ഈ പരീക്ഷണം അദ്ദേഹം പിന്നെയും ആവർത്തിച്ചു.

റഡാറിൽനിന്നുള്ള മൈക്രോവേവ് തരംഗങ്ങളായിരുന്നു ആ പാചകക്കാരൻ! സ്പെൻസർ ഈ കണ്ടുപിടിത്തത്തിന് പേറ്റന്റ് നേടി. അതിൽനിന്നായിരുന്നു മൈക്രോവേവ് അവ്ൻ എന്ന പാചക ഉപകരണത്തിന്റെ പിറവി. 1947-ൽ ആദ്യത്തെ മൈക്രോവേവ് അവ്ൻ വിപണിയിൽ എത്തി.

## WWW ഇന്റർനെറ്റ്

ഇന്റർനെറ്റിൽ പ്രവർത്തിക്കുന്ന ഒരു സംഗതി മാത്രമാണ് വെബ് എന്ന വേൾഡ് വൈഡ് വെബ്. ഇ-മെയിൽ ഒക്കെ പോലെ ഇന്റർനെറ്റിൽ വേറെയും ധാരാളം കാര്യങ്ങളുണ്ട്. സ്ഥലങ്ങളെ തമ്മിൽ കണക്റ്റ് ചെയ്യുന്ന റോഡുകളാണ് ഇന്റർനെറ്റ് എങ്കിൽ ആ റോഡുകളുടെ സമീപമുള്ള കടകളും വീടുകളും സ്ഥാപനങ്ങളുമൊക്കെയാണ് വെബ്. ആ റോഡുകളിലൂടെ ഓടുന്ന വണ്ടികളാണ് ഡാറ്റ. ഇങ്ങനെ ഓർത്താൽ മതി.



ദേ ഇതാണ് WWW-ന്റെ സ്രഷ്ടാവ്. പേര് ടിം ബെർണേഴ്സ് ലീ

## വീപ്പയിൽ വെള്ളച്ചാട്ടം





അന്ന് അറുപത്തിമൂന്നു വയസ്സു തികയുകയായിരുന്നു ആനി എഡ്സൻ ടെയ്‌ലർ എന്ന അധ്യാപികയ്ക്ക്. ആ ബർത്ത്ഡേ 'ആഘോഷിക്കാൻ' ആനി തിരഞ്ഞെടുത്ത വഴി അല്പം കടന്ന കൈയായിരുന്നു - ഒരു വീപ്പയിലിരുന്ന് നയാഗ്ര വെള്ളച്ചാട്ടത്തിലൂടെ താഴേക്കു ചാടുക!

വെറുമൊരു തമാശയൊന്നുമായിരുന്നില്ല ആനിക്ക് ഈ സാഹസം. പേരെടുക്കണം; അതുവഴി ജീവിക്കാനുള്ള പണം കണ്ടെത്തണം; അതായിരുന്നു ആനിയുടെ ഉദ്ദേശ്യം.

1838-ൽ ന്യൂയോർക്കിലാണ് ആനി ജനിച്ചത്. എട്ടു മക്കളിലൊരാൾ. ധാന്യം പൊടിക്കുന്ന ഒരു മിൽ നടത്തിയാണ് അച്ഛൻ ആ കുടുംബം പോറ്റിയിരുന്നത്. ആനിക്ക് 12 വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. ആനി കഷ്ടപ്പെട്ടു പഠിച്ച് ഒരു അധ്യാപികയായി. പിന്നീട് ഡാൻസ് ടീച്ചറും പാട്ടുടീച്ചറുമൊക്കെയായി. എന്നിട്ടും സ്വസ്ഥമായി ജീവിക്കാനുള്ള വരുമാനമൊന്നും കിട്ടിയിരുന്നില്ല.

ഒരു ദിവസം ആനി ഒരു മാസികയിൽ ഒരു ലേഖനം വായിച്ചു. നയാഗ്ര വെള്ളച്ചാട്ടത്തിൽ ചിലർ നടത്തിയ സാഹസങ്ങളെപ്പറ്റിയായിരുന്നു ആ ലേഖനം. അതുകണ്ട് ആനിയുടെ തലയിൽ ആ ഐഡിയ മിന്നി. ഒരു വീപ്പയിലിരുന്ന് നയാഗ്രയിലൂടെ ചാടിയാലോ? പ്രശസ്തി കിട്ടും, പണവും!

ചാടാനുള്ള വീപ്പ ആനി തനിയേ ഡിസൈൻ ചെയ്തു. അഞ്ചടി പൊക്കം, മൂന്നടി വീതി. സുരക്ഷയ്ക്കുവേണ്ടി വീപ്പയ്ക്കുള്ളിൽ കട്ടിയിൽ തുകലും സ്പോഞ്ചും ഉപയോഗിച്ച് 'കുഷ്യൻ' ഉണ്ടാക്കി. വീപ്പ ചരിയാതെ നിൽക്കാനുള്ള സംവിധാനങ്ങളും ഒരുക്കി.

അങ്ങനെ ആ ദിവസമെത്തി. 1901 ഒക്ടോബർ 24. ആനിയുടെ 63-ാം ജന്മദിനം. സഹായികളോടൊപ്പം നയാഗ്ര വെള്ളച്ചാട്ടത്തിനടുത്തെത്തിയ ആനി ബാരലിൽ കയറി. വെള്ളം കടക്കാത്ത തരത്തിൽ അടച്ചുകഴിഞ്ഞ് വീപ്പയിലേക്ക് സഹായികൾ കുറേക്കൂടി പ്രാണവായു പമ്പ് ചെയ്തു.

160 അടി താഴ്ചയിലേക്കാണ് വീപ്പ വീഴാൻ പോകുന്നത്! മെല്ലെ മെല്ലെ വീപ്പയുടെ വേഗം കൂടി. പാറക്കെട്ടിൽ തൂക്കിയ പടുകൂറ്റൻ കർട്ടൻപോലുള്ള വെള്ളച്ചാട്ടത്തിലേക്ക് ഒടുവിൽ അത് ആർത്തലച്ചുവീണു.

കുറേ നേരത്തേക്ക് ആരും ഒന്നും കണ്ടില്ല. വൈകാതെ പുകപോലെ പൊങ്ങുന്ന ജലമേഘത്തിനപ്പുറത്ത് വെള്ളത്തിൽ ബാരൽ പൊങ്ങിവന്നു. സഹായികൾ പാഞ്ഞെത്തി അതു വലിച്ചടുപ്പിച്ചു. ബാരലിന്റെ മൂടി തുറന്നുകിട്ടാൻ കുറേ നേരം പിടിച്ചു. തുറന്നപ്പോൾ അതിനുള്ളിലേക്ക് ആകാംക്ഷയോടെ സഹായികൾ നോക്കി.

ആനി ജീവനോടെയുണ്ട്! ആശ്വാസത്തോടെ ഒരു അസിസ്റ്റന്റ് മെഗഫോണിലൂടെ അതു കാണികളെ വിളിച്ചറിയിച്ചു! ആളുകൾ കൈയ്യടിച്ചു. നയാഗ്രയിലൂടെ വീപ്പയിൽ സുരക്ഷിതമായി ചാടുന്ന ആദ്യത്തെ ആൾ എന്ന അപൂർവ റെക്കോഡ് നേടിയിരിക്കുകയാണ് ആനി എഡ്സൻ ടെയ്‌ലർ എന്ന അധ്യാപിക!

പ്രതീക്ഷിച്ചതുപോലെ ആനിയുടെ സാഹസികപ്രകടനം പ്രശസ്തമായി. എന്നാൽ പണമുണ്ടാക്കാം എന്ന ഉദ്ദേശ്യം പാളിപ്പോയി.

നയാഗ്ര കാണാൻ വരുന്ന സഞ്ചാരികളോട് 'വീപ്പച്ചാട്ട'ത്തിന്റെ അനുഭവങ്ങൾ വിവരിച്ചും കുറിപ്പുകൾ അച്ചടിച്ചു വിറ്റും കുറച്ചു പണമുണ്ടാക്കിയ സമയത്താണ് ആനിയുടെ മാനേജർ ആ വീപ്പയുമായി കടന്നുകളഞ്ഞത്! അതു കണ്ടുപിടിക്കാനുള്ള അന്വേഷണത്തിനുതന്നെ ആനിയുടെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ചെലവായിപ്പോയി!

ഒടുവിൽ കൈയിൽ കാര്യമായ സമ്പാദ്യമൊന്നുമില്ലാതെതന്നെ 82-ാം വയസ്സിൽ ആ സാഹസിക മരണമടഞ്ഞു.



## Idioms

ഇംഗ്ലീഷിലെ രസകരമായ ശൈലികൾ പരിചയപ്പെടാം! HAND എന്ന വാക്ക് വരുന്ന ചില ശൈലികളാണ് ഈ ലക്കത്തിൽ.

### Try your hand at

ആദ്യമായി ചെയ്യുന്ന എന്തെങ്കിലും പ്രവൃത്തിയെ സൂചിപ്പിക്കുന്ന ശൈലി

*I've never taken violin lessions, but I'd like to try my hand at it.*

### Give a hand

സഹായം നൽകുക എന്നാണ് ഈ ശൈലിയുടെ അർഥം

*I can't carry all these books by myself. Could you give me a hand?*

### Hands down

എളുപ്പത്തിൽ എന്നും തീർച്ചയായും എന്നും അർഥം പറയാവുന്ന ശൈലി

*She can win any exam hands down*

### On hand

പെട്ടെന്ന് കിട്ടാവുന്നവിധം തൊട്ടടുത്ത് എന്നർഥം

*I like to have a dictionary on hand when I'm reading a book in English*



# കേൾപ്പാൻ വേഗതയും പറവാൻ താമസവും



ജീവസന്ദേശം

ടി. എം. വർഗ്ഗീസ് ഓതറ

ദൈവിക ലക്ഷ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയായിരുന്നു മോശെ. അദ്ദേഹത്തെ പരിശീലിപ്പിക്കുവാൻ ദൈവം 80 വർഷങ്ങൾ ചെലവിടുകയും ചെയ്തു.

മോശെയുടെ ഭാര്യയായിരുന്ന സിപ്പോറ ഒരു യഹൂദ സ്തീയല്ലാതിരുന്നതിനാൽ അവരുടെ പുത്രനെ പരിച്ഛേദന ചെയ്യുന്നതിൽ വിശ്വസിച്ചിരുന്നില്ല. മോശെ തന്റെ ഭാര്യയുടെ അഭിപ്രായത്തിനു വഴങ്ങുകയും ദൈവത്തെ അനുസരിക്കാതിരിക്കുകയും ചെയ്തു. ഇപ്പോഴാകട്ടെ, മോശെ ദൈവജനത്തിന്റെ നേതാവായിത്തീരാൻ പോവുകയാണ്. എന്നിട്ടും ഇവിടെ മോശെ തന്റെ ഭാര്യയെ പ്രസാദിപ്പിക്കുകയും തന്റെ കുടുംബകാര്യത്തിൽത്തന്നെ ദൈവത്തോട് അനുസരണക്കേടു കാട്ടുകയുമാണു ചെയ്യുന്നത്. മോശെ മരണത്തെ സമീപിച്ച സമയത്ത് തന്റെ ഭർത്താവിന്റെ രോഗകാരണമെന്തെന്നു സിപ്പോറാ മനസ്സിലാക്കി. അതിനാൽ പെട്ടെന്നുതന്നെ അവൾ തന്റെ പുത്രനു പരിച്ഛേദന നടത്തി. അപ്പോൾ മാത്രമാണ് ദൈവം മോശെയുടെ ജീവൻ രക്ഷിച്ചത്.

ഇവിടെ ദൈവം തന്റെ ഭൃത്യന്മാരുടെ ജീവിതത്തിൽ എന്തെങ്കിലും ഒത്തുതീർപ്പു മനോഭാവമോ അനുസരണക്കേടോ പത്നിവിധേയത്വമോ സഹിക്കുന്നവനല്ലെന്നു നാം കാണുന്നു. ദൈവജനത്തെ നയിക്കുന്നവ രായി നാം തീരണമെങ്കിൽ നാം പൂർണ്ണാനുസരണമുള്ളവരായിരിക്കണം. ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ല. തന്റെ ഏറ്റവും പ്രഗത്ഭരായ ഭൃത്യന്മാരെപ്പോലും അവർ അനുസരണംകെട്ടവരായാൽ ദൈവം വിധിക്കും.

മോശെയ്ക്കു 120 വയസ്സുള്ള കാലത്ത് ദൈവം വീണ്ടും മോശയെ ശിക്ഷിച്ചു. ഈ പ്രാവശ്യം ശിക്ഷ പിൻവലിക്കപ്പെട്ടില്ല. ഇത്തവണ ജലം നൽകുവാൻ പാറയോടു കല്പിക്കണമെന്നു ദൈവം അദ്ദേഹത്തോടാ ജ്ഞാപിച്ചു. എന്നാൽ മോശെ ജനത്തിന്റെ നേരേ കോപിച്ച് ആദ്യം ജനത്തെത്തന്നെ വാക്കുകൾ കൊണ്ട് അടിക്കുകയും പിന്നീടു പാറയെ അടിക്കുകയും ചെയ്തു (സംഖ്യാ. 20:7-13). ഇത് ഒരു ചെറിയ തെറ്റു മാത്രമായി നമുക്കു തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ഇതു ഗൗരവാവഹമായ ഒരു കാര്യമായിരുന്നു.

“മത്സരികളേ, കേൾപ്പിൻ” എന്നു പറഞ്ഞു മോശ കോപത്തോടുകൂടി ജനത്തോടു സംസാരിച്ചു (സംഖ്യാ.20:10). ജനങ്ങൾ എല്ലാം മത്സരികളാണെന്നും താൻ മാത്രം അപ്രകാരമല്ലെന്നുമായിരുന്നു മോശയുടെ വിവക്ഷിതം. എന്നാൽ അടുത്ത നിമിഷംതന്നെ മോശെ ദൈവത്തോട് അനുസരണക്കേടുകാട്ടി, താനും ഒരു മത്സരിയായിത്തീർന്നു. ഈ സംസാരം ദൈവത്തിന് അനിഷ്ടമായി. ദൈവ വചനം പറയുന്നു: “അവൻ അധരങ്ങളാൽ അവിവേകം സംസാരിച്ചു. (അതിനാൽ) മോശയ്ക്കും ദോഷം ഭവിച്ചു”. (സങ്കീ. 106:32,33)

ജനങ്ങളുടെ നേരേ ആഞ്ഞടിച്ച ആ പ്രവൃത്തിയിൽത്തന്നെ മത്സരമനോഭാവം നാം കാണുന്നില്ലേ? സംസാരിക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടാത്ത കാര്യങ്ങൾ നാം പലപ്പോഴും സംസാരിക്കുന്നു.

“ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും ഉള്ളവനായിരിക്കട്ടെ; എന്തെന്നാൽ മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല” എന്നു ദൈവവചനം പറയുന്നു (യാക്കോ. 1:19,20).

നമ്മുടെ ഭവനത്തിലോ സഭയിലോ പരിഹാരം തേടേണ്ട ഒരു പ്രശ്നമുണ്ടാകുമ്പോൾ നാമെന്താണു ചെയ്യുന്നത്? കർത്താവിന്റെ മുമ്പിൽ കാത്തിരിക്കാതെ നാം പെട്ടെന്ന് അതിനെപ്പറ്റി സംസാരിക്കുകയും മാനുഷിക വഴികൾ തേടുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയുമാണോ ചെയ്യുന്നത്? അങ്ങനെയെങ്കിൽ നാം പരാജയമടയുന്നതിലും ഭവനത്തിലും സഭയിലും കുഴപ്പം സൃഷ്ടിക്കുന്നതിലും അദ്ഭുതത്തിന് എന്തവകാശം?

അത്തരം സന്ദർഭങ്ങളിലാണ് നമ്മുടെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല എന്നു നാം ഓർക്കേണ്ടത്. നമ്മുടെ ഹൃദയത്തിൽ സ്വസ്ഥതയില്ലാതെ മറ്റൊരാളെ സംബന്ധിച്ചു നാം വികാരക്ഷുബ്ധരായിത്തീരുമ്പോൾ നമുക്കു ചെയ്യാവുന്ന ഏറ്റവും നല്ല പ്രവൃത്തി മൗനം ഭജിക്കുക എന്നതാണ്. അങ്ങനെയെങ്കിൽ കുറഞ്ഞപക്ഷം നാം ദൈവവേലയ്ക്ക് ദോഷം വരുത്തുന്നവരായിത്തീരുകയില്ല.

ഒരു ദൈവഭൃത്യനാവുക എന്നതു ഗൗരവമുള്ള കാര്യമാണ്. അത്തരമൊരു ചുമതല ലഘുചിത്തതയോടെ എടുക്കുവാൻ നമുക്കു സാധ്യമല്ല. ഏറ്റവും ചെറിയ കാര്യത്തിൽപ്പോലും ദൈവത്തോട് അനുസരണം കാട്ടുവാൻ നാം അത്യന്തം ശ്രദ്ധാലുക്കളായിരിക്കണം



# ലോകസ്നേഹവും തീഷ്ണതയുള്ള ദൈവവും

ലോകസംവിധാനം എന്നുവച്ചാൽ ഈ ലോകം, ഈ സമൂഹം, ഏതു തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണോ പ്രവർത്തിക്കുന്നത് അതാണ്. ഈ ലോകത്തിന്റെ മൂല്യബോധമാണത്. അതിനെ സ്നേഹിക്കരുത്. ഈ ലോകത്തിന്റെ മൂല്യബോധങ്ങളെ നിരാകരിക്കുക; മറിച്ച് ദൈവത്തിന്റെ മൂല്യങ്ങൾക്കനുസരിച്ചു ജീവിക്കുക - ‘ലോകത്തെ സ്നേഹിക്കരുത്’ എന്നു പറഞ്ഞാൽ ഇതാണ്.

ഇതേ സമയം, ‘ദൈവം ലോകത്തെ സ്നേഹിച്ചു’ എന്നൊരു വാക്യമുണ്ടല്ലോ, എങ്കിൽ ദൈവം സ്നേഹിച്ച ലോകത്തെ നാമും സ്നേഹിക്കേണ്ടേ? അപ്പോൾ ലോകത്തെ സ്നേഹിക്കരുതെന്നു പറയുന്നത് എങ്ങനെ ശരിയാകും? ഇങ്ങനെയൊരു ചോദ്യം വരാം. ഇതിനെന്താണു മറുപടി?

ഉവ്, ദൈവം ലോകത്തെ സ്നേഹിച്ചു എന്ന വാക്യം പ്രശസ്തമായ യോഹന്നാൻ 3:16 ആണ്. “ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു”. പക്ഷേ അവിടെ പറയുന്ന ലോകം, ലോകവ്യവസ്ഥിതിയല്ല മറിച്ച് മാനവരാശിയാണ്. അല്ലെങ്കിൽ ഈ ലോകത്തിലെ മനുഷ്യരാണ്. ദൈവം സ്നേഹിച്ച ഈ മനുഷ്യരെ നാമും സ്നേഹിക്കുകയാണ് വേണ്ടത്; ‘വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിലാണല്ലോ (in the midst of a crooked and preverse generation) നാം ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കാൻ’ വിളിക്കപ്പെട്ടിരിക്കുന്നത് (ഫിലിപ്യ.2:14). അതുകൊണ്ട് നാം ലോകത്തിലെ ആളുകളെ സ്നേഹിക്കണം. അപ്പോൾ തന്നെ ഈ ലോകമനുഷ്യരെ നയിക്കുന്ന തത്ത്വങ്ങളെ നിരാകരിക്കുകയും ദൈവരാജ്യത്തിന്റെ മൂല്യബോധങ്ങൾക്കനുസരിച്ചു ജീവിക്കുകയും വേണം. യേശുവും ഇതായിരുന്നല്ലോ ചെയ്തത്.

ഈ ലോകത്തിന്റെ മൂല്യങ്ങൾ നിരാകരിച്ച് ദൈവരാജ്യത്തിന്റെ മൂല്യബോധം കയ്യാളുന്നതിനെക്കുറിച്ചുള്ളതാണു വാസ്തവത്തിൽ യേശുവിന്റെ ഗിരിപ്രഭാഷണം. അവിടെ യേശു ഓരോ കാര്യങ്ങൾ എടുത്ത് ‘നിങ്ങൾ ഇങ്ങനെ കേട്ടിട്ടുണ്ടല്ലോ’ (ഈ ലോകത്തെ നയിക്കുന്ന തത്ത്വങ്ങൾ) എന്ന് ആദ്യം പറഞ്ഞു. തുടർന്ന് ‘എന്നാൽ ഞാനോ നിങ്ങളോടു പറയുന്നത്’ എന്നുപറഞ്ഞ് ആ മൂല്യങ്ങളെ നിരസിച്ച് ദൈവരാജ്യത്തിന്റെ തത്ത്വങ്ങളെ, പ്രമാണങ്ങളെ, നമ്മുടെ മുന്നിൽ വരച്ചുകാട്ടി. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്; യേശു തള്ളിക്കളഞ്ഞ ഈ ലോകത്തിന്റെ മൂല്യങ്ങൾ തെറ്റായതോ മോശപ്പെട്ടതോ അല്ല. ഒരാൾ മറ്റൊരാളെ കൊലപ്പെടുത്താതെ, അയാളുടെ വസ്തുവകകൾ അപഹരിക്കാതെ, സഹജീവിയുടെ അവകാശങ്ങൾ കവർന്നുകളയാതെ ഈ സമൂഹം സമാധാനത്തിൽ സഹവർത്തിക്കാൻ വേണ്ട സദാചാര നിയമങ്ങൾ തന്നെയാണവ. മോശെയിലൂടെ നൽകിയ പത്തു കൽപ്പനകളിൽ മനുഷ്യരുമായി ബന്ധപ്പെട്ട ഒടുവിലത്തെ ആറു കല്പനകളെ അടിസ്ഥാനമാക്കിയാണല്ലോ പിന്നീട് എല്ലാ പരിഷ്കൃത സമൂഹങ്ങളും അവരുടെ നിയമങ്ങൾക്കു രൂപം നൽകിയിരിക്കുന്നത്. അവയൊന്നും തെറ്റായ മൂല്യങ്ങളല്ല. എന്നാൽ യേശു മുന്നോട്ടു വച്ച ദൈവരാജ്യത്തിന്റെ പ്രമാണങ്ങൾ ഇതിനും അപ്പുറത്താണ്.

ചുരുക്കത്തിൽ ലോകത്തിന്റെ മൂല്യങ്ങൾക്കപ്പുറത്തു യേശു കൊണ്ടുവന്ന പുതിയ ഉടമ്പടിയുടെ പ്രമാണത്തിനനുസരിച്ചു ജീവിക്കുമ്പോൾ മാത്രമാണ് നാം ലോകത്തെ സ്നേഹിക്കാതിരിക്കുന്നത്. ക്രിസ്തുവിനോട് ഏകാഗ്രവും നിർമ്മലവുമായ ബന്ധം നമുക്കു കൈവരുന്നത് ഈ നിലയിലാണ്. അവിടുന്നു നമ്മിൽ വസിക്കുമാറാക്കിയ ആത്മാവ് ഇത്തരം ഒരു ബന്ധത്തിനായാണ് കാംക്ഷിക്കുന്നത്. ലോകത്തിന്റെ പ്രമാണങ്ങൾ നിരാകരിച്ച് ദൈവരാജ്യത്തിന്റെ മൂല്യബോധം സ്വീകരിച്ച് ഇങ്ങനെയൊരു ബന്ധത്തിലേക്കു വരുന്നതിനു നമുക്കുള്ള തടസമെന്താണ്? ദൈവം അതാഗ്രഹിക്കുന്നു. നമ്മിൽ വസിക്കുന്ന ആത്മാവ് അതിനായി കാംക്ഷിക്കുന്നു. എന്നിട്ടും അതു പലരെ സംബന്ധിച്ചും യാഥാർത്ഥ്യമാകാതിരിക്കുന്നതെന്തുകൊണ്ടാണ്?

ഇതിനു കാരണം പലപ്പോഴും നമ്മിലുള്ള സ്വയബലമാണ്. സ്വയം നമ്മിൽ ശക്തമായിരിക്കുന്നിടത്തോളം ലോകത്തിന്റെ മൂല്യങ്ങൾക്കനുസരിച്ച് വിട്ടുകൊടുക്കാതിരിക്കുവാനും ശത്രുവിനെ സ്നേഹിക്കാതെ പകയ്ക്കുവാനും മനുഷ്യരുടെ മുൻപാകെ ജീവിക്കുവാനും മാത്രമേ കഴിയൂ.

നമ്മൾ കർത്താവിനെ അറിഞ്ഞു എന്നതു ശരിയാണ്. എന്നാൽ നമ്മൾ നമ്മുടെ സ്വയത്തെ സംരക്ഷിച്ച് അതിന്റെ താത്പര്യങ്ങൾക്കനുസരിച്ചു ജീവിച്ചാൽ നിത്യതയിൽ നമുക്കു നഷ്ടമുണ്ടാകും. അതേസമയം ഇന്നു നാം നമ്മുടെ സ്വജീവനെ കണ്ടെത്തി കർത്താവിനേയും സുവിശേഷത്തെയുംപ്രതി അതിനെ പകെച്ചാൽ നിത്യതയിൽ അതു നേട്ടമാകും - ഇതാണു ക്രൂശിന്റെ വഴി. യേശു സ്വന്തജീവിതത്തിൽ അതു നടപ്പാക്കുകയും ദൈനംദിന ജീവിതത്തിൽ അറിയേണ്ട സ്വയത്തിന്റെ മരണത്തെപ്പറ്റി ഇങ്ങനെ പറയുകയും ചെയ്തു. “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും” (യോഹ. 12:24). ഇതു ദിനംതോറും നമ്മുടെ ക്രൂശെടുത്തു നമ്മുടെ പദവിക്ക്, നമ്മുടെ ബഹുമാനത്തിന്, നമ്മുടെ തിരഞ്ഞെടുപ്പിന് മരിക്കുന്ന മാർഗ്ഗമാണ്. സ്വയത്തെ പോറലുപോലും ഏൽക്കാതെ സംരക്ഷിക്കുകയും സ്വന്ത ന്യായത്തിനും മാനത്തിനും അംഗീകാരത്തിനും വേണ്ടി പോരാടുകയും ചെയ്യുന്നതാണു ലോകത്തിന്റെ രീതി. അതുപോലെ, ഈ ലോകത്തിന്റെ പ്രമാണത്താൽ സ്വാധീനിക്കപ്പെട്ട വിശ്വാസിയും സ്വയത്തിനു മരിക്കുന്നത് ഒഴിവാക്കാൻ എന്തും ചെയ്യും, ഇന്നു ചിലർ ബൈബിൾ പരിജ്ഞാനത്തിനും മറ്റുചിലർ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾക്കും ഊന്നൽ നൽകുന്നു. എന്നാൽ വളരെ വിളവുണ്ടാകാനുള്ള വ്യവസ്ഥ യേശു പറയുന്നത് ‘ചത്തു എങ്കിൽ....’ എന്നതാണെന്നു ശ്രദ്ധിക്കുക. ബൈബിൾ പരിജ്ഞാനം ആവശ്യമാണ്. എന്നാൽ അതു മാത്രമായി വിളവു നൽകുകയില്ല. പരിശുദ്ധാത്മാവിന്റെ പകർച്ച ഏറെ ആവശ്യമാണ്. എന്നാൽ ആത്മമാരിയും അതിൽതന്നെ വിളവു നൽകുകയില്ലെന്നാണു കർത്താവു പറഞ്ഞത്. വിത്തു കിളിർക്കാൻ, വിളവുണ്ടാകാൻ, മഴ വളരെ അത്യാവശ്യം. എന്നാൽ മഴ എത്ര പെയ്താലും വിത്തു നേരത്തെ നിലത്തുവീണു ചത്തിട്ടില്ലെങ്കിൽ വിളവുണ്ടാവുകയില്ല. ദൈവേഷ്ടത്തിനു വിരുദ്ധമായ സ്വയത്തിന്റെ ഇഷ്ടത്തെ നിഷേധിച്ച് ക്രൂശിന്റെ വഴിയിലൂടെയുള്ള യാത്രയാണിത്. ഇതു കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയാണ്. ഈ വഴിയിൽ കർത്താവിനെ അനുഗമിച്ചെങ്കിൽ മാത്രമേ തീഷ്ണതയുള്ള ദൈവത്തിന്റെ പ്രതീക്ഷയിലേക്കു നാം നാൾതോറും വളരുകയുള്ളൂ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടും ദൈവസഭയും



യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വരെയുള്ള അന്ത്യകാല സംഭവങ്ങൾ, അപ്പോസ്തലനായ യോഹന്നാന് വെളിപ്പാടിനാൽ ലഭിച്ചതിന്റെ എഴുതപ്പെട്ട രേഖയാണ് വേദപുസ്തകത്തിലെ അവസാന പുസ്തകമായ വെളിപ്പാട് പുസ്തകം. പത്മോസ് എന്ന ദ്വീപിൽ, നാടുകടത്തപ്പെട്ട യോഹന്നാന്, ഏകാന്തതയിൽ യേശുക്രിസ്തു പ്രത്യക്ഷൻ ആയി നൽകിയതാണ് ഈ വെളിപ്പാടുകൾ. "നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യാ എന്നീ ഏഴു സഭകൾക്കും അയക്കുക" എന്നിങ്ങനെ യേശുക്രിസ്തു യോഹന്നാനോട് അരുളിച്ചെയ്തു. (വെളിപ്പാട് 1:11). ഈ സഭകൾ എല്ലാം അതതു പേരുകളിൽ അറിയപ്പെട്ടിരുന്ന 7 പട്ടണങ്ങളിലെ, ആദ്യകാല പ്രാദേശിക സഭകൾ ആയിരുന്നു. അവയെല്ലാം, ഏഷ്യാ മൈനർ എന്ന് വിളിക്കപ്പെട്ടിരുന്ന, ഇന്നത്തെ തുർക്കി എന്ന രാജ്യത്ത് സ്ഥിതി ചെയ്തിരുന്നു. പത്മോസിൽ നിന്നും ഒരു ദൂത് വാഹി യാത്രചെയ്താൽ എത്തിച്ചേരുന്ന ക്രമത്തിൽ ആണ് ഇവയുടെ പേരുകൾ നൽകിയിരിക്കുന്നത്. ദൈവം ഈ സഭകളെ തിരഞ്ഞെടുത്തിരിക്കുന്നത്, കാലാതീതമായി ദൈവസഭയോടുള്ള പ്രധാനപ്പെട്ട ചില ദൂതുകൾ അറിയിക്കുവാൻ വേണ്ടി കൂടി ആണ്. അതായത്, ഓരോ സന്ദേശവും ചരിത്രപരവും കലാതീതമായ പ്രവചനങ്ങളും ആണ്. "നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും... എഴുതുക" എന്നാണ് കർത്താവ് പറഞ്ഞത് (1:19).



ഈ ദൂതുകൾക്കെല്ലാം പൊതുവായ ചില പ്രത്യേകതകൾ ഉണ്ട്. ഓരോ സഭയ്ക്കും ക്രിസ്തു തന്നെ പരിചയപ്പെടുത്തിക്കൊണ്ട് ദൂതുകൾ ആരംഭിക്കുന്നു. അതിനുശേഷം സഭയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ വിലയിരുത്തൽ പറയുന്നു. പിന്നീട് ഒരു ശകാരമോ ആഹ്വാനമോ നൽകുന്നു; അതിന് പിന്നാലെ ജയിക്കുന്നവർക്ക് ഉള്ള പ്രതിഫലം വാഗ്ദാനം ചെയ്യുന്നു. എല്ലാ ദൂതുകളുടെയും അവസാനഭാഗത്ത് നമ്മൾ ഇങ്ങനെ വായിക്കുന്നു: "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ".

എല്ലാ ദൂതുകളും അതാതു സഭയുടെ ദൂതനാണ് എഴുതിയിരിക്കുന്നത്. അതിനാൽ വെളിപ്പാട് 1:20 ൽ പറയുന്ന ഏഴു സഭകളുടെ ദൂതന്മാർ സ്വർഗീയ ദൂതന്മാർ ആണ് എന്ന് ചില വേദപണ്ഡിതൻമാർ വിശ്വസിക്കുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ഭാഷയിലെ ഏൻജലോസ് (angelos) എന്ന വാക്കിന് ദൂത് വാഹി എന്ന അർത്ഥമേ ഉള്ളൂ. ഈ വാക്ക് സ്വർഗീയ ദൂതന്മാരെക്കുറിച്ചും, മത്തായി 11: 10-ൽ യോഹന്നാൻ സ്നാപകൻ എന്ന മനുഷ്യനെക്കുറിച്ചും പറയുവാൻ ഉപയോഗിച്ചിട്ടുണ്ട്.

അതിനാൽ, ഏൻജലോസ് (angelos), സ്വർഗീയ ദൂതന്മാരോ, ദൂത് വാഹകരായി ദൈവം നിയോഗിച്ച മനുഷ്യരോ ആകാം. അതുകൊണ്ട്, ഏഴു ദൂതന്മാർ ദൂതുവാഹികളായ ഏഴ് മനുഷ്യർ ആയിരുന്നു എന്ന് അനേകർ വിശ്വസിക്കുന്നു. അവർ യോഹന്നാൻ എഴുതിയ, യേശുക്രിസ്തുവിന്റെ ദൂത് അതാതു സഭകൾക്ക് എത്തിച്ചു കൊടുത്തു.

ഈ ദൂതുകൾ സഭകളിൽ വായിച്ച വ്യക്തികളാണ് ദൂതന്മാർ എന്ന് വിളിക്കപ്പെടുന്നത് എന്ന് വിശ്വസിക്കുന്നവരും ഉണ്ട്. അതായത് സഭയുടെ ശുശ്രൂഷകന്മാർ ദൂതുകൾ സഭയിൽ വായിച്ച് കേൾപ്പിച്ചിരുന്നു. സഭകൾക്കുള്ള ദൂത് യേശുക്രിസ്തുവിൽ നിന്നാണ് എന്നത് അവന്റെ ദൈവീകത്വത്തെ കാണിക്കുന്നു. വെളിപ്പാട് പുസ്തകം ഒന്നാം അദ്ധ്യായത്തിലെ, തേജസ്കരിക്കപ്പെട്ട യേശുവിന്റെ പ്രത്യക്ഷത വർണ്ണിക്കുന്നത് അക്കാലത്ത് ഗ്രീക്ക് ദേവന്മാരുടെ പ്രത്യക്ഷത വർണ്ണിക്കുന്ന ശൈലിയിൽ ആണ്. അതായത്, യേശുക്രിസ്തു ദൈവം തന്നെ എന്ന് യോഹന്നാൻ വിശ്വസിച്ചിരുന്നു. തന്റെ വായനക്കാരും അങ്ങനെ മനസ്സിലാക്കേണം എന്ന് അവൻ ആഗ്രഹിച്ചിരുന്നു.

വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഏഴു സഭകൾ, ആഗോള സഭയുടെ ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ ദൈവത്താൽ ക്രമീകരിക്കപ്പെട്ടതാണ്. എല്ലാ ദൂതുകളുടെയും അവസാനഭാഗത്ത്, ജയിക്കുന്നവർ ആയിതീരുവാൻ ക്രിസ്തു നമ്മളെയും ആഹ്വാനം ചെയ്യുന്നു. അതിന്റെ അർത്ഥം, എതിർപ്പുകളും പീഡനങ്ങളും, കലഹങ്ങളും സഭയ്ക്ക് നേരെ ഉണ്ടാകും എന്നും വിശ്വാസികൾ അവയെ എതിർത്ത് ജയിക്കേണം എന്നും ആണ്. ഇവിടെ ദൈവജനം ഈ അന്ത്യകാലത്ത് ദൈവത്തിന്റെ പടജനമായി മാറുന്നു. അവർ യുദ്ധം ചെയ്യുന്നു; ശത്രുവിനെ തോൽപ്പിക്കുന്നു; അങ്ങനെ യുദ്ധത്തിൽ ജയിക്കുന്നു. ഓരോ കത്തിലും ജയിക്കുന്നവർക്ക് നൽകുന്ന പ്രതിഫലങ്ങളുടെ വാഗ്ദാനം എല്ലാ കാലത്തേയും, എല്ലാ സഭകൾക്കും വിശ്വാസികൾക്കും ഉള്ളതാണ്. അത് ജയിക്കുന്നവർക്കുള്ള പ്രതിഫലം ആണ്. അതിനായി, "ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ." ഇനി നമുക്ക് ഓരോ കത്തുകളും പ്രത്യേകമായി പഠിക്കാം. 1. എഫെസൊസിലെ സഭയ്ക്കുള്ള ദൂത് (വെളിപ്പാട് 2:1-7) ഒന്നാമത്തെ ദൂത്, എഫെസൊസ് എന്ന പ്രാദേശിക സഭയ്ക്കുള്ള ദൂതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എഫെസൊസ് എന്ന വാക്കിന്റെ അർത്ഥം, "ആഗ്രഹിക്കത്തക്കത്" എന്നാണ്. ഏഷ്യ മൈനർ എന്ന് അറിയപ്പെട്ടിരുന്ന പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി, ഒരു നദീതടത്തിൽ സ്ഥിതിചെയ്തിരുന്ന പ്രസിദ്ധമായ പട്ടണമായിരുന്നു എഫെസൊസ്. അത് ഏഷ്യ മൈനറിലേക്കുള്ള പ്രവേശനകവാടം ആയിരുന്നു. അന്നത്തെ പട്ടണം സ്ഥിതിചെയ്തിരുന്ന പ്രദേശം, ഇന്ന് പടിഞ്ഞാറൻ തുർക്കിയിൽ ആണ്.

നദീതീരത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ഈ പട്ടണം അഞ്ച് പ്രാവശ്യം അതിന്റെ തുറമുഖത്തോടൊപ്പം മാറ്റി സ്ഥാപിച്ചിട്ടുണ്ട് എന്ന് ചരിത്ര രേഖകൾ പറയുന്നു. ഈ പട്ടണത്തിൽ, അത് മൂന്നാമത് മാറ്റി സ്ഥാപിച്ചപ്പോൾ, ഏകദേശം രണ്ടര ലക്ഷത്തോളം ആളുകൾ ജീവിച്ചിരുന്നു എന്ന് കണക്കാക്കപ്പെടുന്നു. ദേവന്മാരുടെ മാതാവ് എന്ന് അറിയപ്പെട്ടിരുന്ന, ഡയാന അഥവാ അർത്തെമിസ് ദേവിയുടെ ആരാധനാകേന്ദ്രം ആയിരുന്നു ഈ പട്ടണം. (തുടരും)



# സ്നാപകന്റെ സംശയം

'രക്ഷ' എന്ന വാക്കിന് യഹൂദജനതയെ സംബന്ധിച്ചിടത്തോളം കൃത്യമായ രാഷ്ട്രീയ സാമൂഹിക മാനങ്ങളുണ്ടായിരുന്നു. ഇന്നല്ലെങ്കിൽ നാളെ ഇസ്രായേലിന്റെ ശത്രുക്കൾ പരാജയപ്പെടുകയും ദാവീദിന്റെ കാലത്തുണ്ടായിരുന്ന ഐശ്വര്യം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യുമെന്ന് അവർ ഉറച്ചു വിശ്വസിച്ചു. "നിങ്ങളുടെ രക്ഷകനും ഇസ്രായേലിന്റെ പരിശുദ്ധനുമായ കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങൾക്കുവേണ്ടി ഞാൻ ബാബിലോണിലേക്ക് ആളയയ്ക്കുകയും, എല്ലാ പ്രതിബന്ധങ്ങളും തകർക്കുകയും ചെയ്യും. കല്ദയരുടെ വിജയാട്ടഹാസം വിലാപമായിത്തീരും... ഇതാ, ഞാൻ ഒരു പുതിയ കാര്യം ചെയ്യുന്നു... ഞാൻ വിജനദേശത്ത് ഒരു പാതയും മരുഭൂമിയിൽ നദികളും ഉണ്ടാക്കും..." (യെശ. 43:14-19). ഈ പ്രവചനത്തിൽ നാം ശ്രദ്ധിക്കേണ്ടത്, ഇസ്രായേലിന്റെ ശത്രുവായ ബാബിലോൺ പരാജയപ്പെടുമെന്നും ഇസ്രായേല്യർക്ക് അവരുടെ നാടു തിരികെ കിട്ടുമെന്നുള്ള പ്രതീക്ഷയാണ്. അപ്പോൾ യഹൂദർക്ക് രക്ഷ ഇഹലോക പ്രധാനമായിരുന്നു; അല്ലാതെ നാമിന്നു പൊതുവെ കരുതുന്നതുപോലെ പരലോകപ്രധാനമായിരുന്നില്ല. അതുകൊണ്ടുതന്നെ, ഇത്തരം വിമോചനം(രക്ഷ) സഫലീകരിക്കാൻ നേതൃത്വം കൊടുക്കുന്നവരെ അവർ മിശിഹായായി - കർത്താവിന്റെ അഭിഷിക്തനായി കണക്കാക്കി. സുവ്യക്തമായ ഒരുദാഹരണം പേർഷ്യൻ രാജാവ് സൈറസിന്റേതാണ്. യഹൂദനല്ലാതിരുന്നിട്ടുകൂടി സൈറസിനെ യെശയ്യാ വിളിക്കുന്നത് യഹോവയുടെ ഇടയനെന്നും (യെശ. 44:28) കർത്താവിന്റെ അഭിഷിക്തനെന്നും (യെശ. 45:1) ഒക്കെയാണ്. വിജാതീയനായ സൈറസ് രാജാവിനെ മിശിഹായായി പ്രവാചകൻ പരിഗണിക്കാൻ കാരണം, അദ്ദേഹം ഇസ്രായേലിനെ ബാബിലോണിലെ വിപ്രവാസത്തിൽനിന്നു വിമോചിപ്പിച്ചു എന്നതുകൊണ്ടായിരുന്നു. ഇവയിൽ നിന്നൊക്കെ നമുക്കു മനസ്സിലാകുന്നത്, മിശിഹാ വരുമ്പോൾ മൂർത്തമായ രീതിയിൽ രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങൾ മാറും എന്ന് യഹൂദർ പ്രതീക്ഷ പുലർത്തിയിരുന്നു എന്ന വസ്തുതയാണ്. മിശിഹായുടെ ആഗമനത്തോടെ ഇസ്രായേലിൽ ശത്രുക്കൾ പരാജയപ്പെടും, ഇസ്രായേല്യർക്ക് തങ്ങളുടെ മുന്തിരിത്തോട്ടങ്ങളിലിരുന്ന് കിന്നരം മീട്ടാനാകും,



എല്ലാ മിഴികളിൽനിന്നും കണ്ണീർ തുടച്ചുനീക്കപ്പെടും എന്നെല്ലാം അവർ പ്രതീക്ഷിച്ചുകൊണ്ടേയിരുന്നു. യഹൂദസമൂഹം മുഴുവൻ പുലർത്തിയ ഈ പ്രതീക്ഷ ഏകദേശം അതേ രീതിയിൽ സ്നാപകയോഹന്നാനും പുലർത്തിയിരുന്നു എന്നു നാം അനുമാനിക്കുന്നതിൽ തെറ്റില്ല. സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് യേശുവിനെ മിശിഹായായി സ്നാപകൻ തിരിച്ചറിഞ്ഞു എന്നാണല്ലോ. അപ്പോൾ ഇസ്രായേലിനെ അക്കാലത്ത് അടിച്ചമർത്തിവച്ചിരുന്ന റോമാസാമ്രാജ്യം ഉടൻതന്നെ ചിതറിക്കപ്പെടുമെന്നും ശാന്തിയും ഐശ്വര്യവും ഇസ്രായേലിൽ പുനഃസ്ഥാപിക്കപ്പെടുമെന്നും സ്നാപകൻ കരുതിയിട്ടുണ്ടാകണം. നന്മനിറഞ്ഞവരും തിന്മനിറഞ്ഞവരും വേർതിരിക്കപ്പെടുകയും ദൈവത്തിന്റെ വിധിയും നീതിയും നടപ്പിലാക്കുകയും ചെയ്യാൻ കാലവിളംബം ഉണ്ടാകില്ലെന്നും സ്നാപകൻ വിശ്വസിച്ചിരുന്നിരിക്കണം

പക്ഷേ ഇതിനൊക്കെ നേർവിപരീത കാര്യങ്ങളാണ് ഇസ്രായേലിൽ നടന്നുകൊണ്ടിരുന്നത്. യഹൂദരുമായി സൗഹൃദം ഉണ്ടാക്കാൻ ഹേറോദു രാജാവ് ജറുശലേം ദേവാലയം പുനരുദ്ധരിച്ചപ്പോഴും റോമാക്കാരെ അങ്ങേയറ്റം പ്രീണിപ്പിച്ചു നിർത്തുക എന്നതിൽ അയാൾ ഒരു വിട്ടുവീഴ്ചയും വരുത്തിയില്ല. അതിനുവേണ്ടിയാണ് അയാൾ ജറുശലേം ദേവാലയത്തിന്റെ പ്രധാന കവാടത്തിനു മുകളിൽ റോമാസാമ്രാജ്യത്തിന് പ്രതീകമായ സ്വർണ്ണപ്പരുന്തിന്റെ ഭീമാകാര പ്രതിമ സ്ഥാപിച്ചത്. ആ പരുന്തിന്റെ കീഴേക്കൂടി ദേവാലയത്തിൽ പ്രവേശിക്കുക എന്നതു യഹൂദനെ സംബന്ധിച്ച് അങ്ങേയറ്റം നാണക്കേടു നിറഞ്ഞതായിരുന്നു. യേശുവെന്ന മിശിഹാ വന്ന് ദശകങ്ങൾ കഴിഞ്ഞതിനുശേഷവും ആ പരുന്ത് അവിടെത്തന്നെ തുടരുകയാണുണ്ടായത്. ഹേറോദിന്റെ മരണത്തെ തുടർന്നുണ്ടായ കലാപമൊതുക്കാൻ വന്ന സിറിയയിലെ റോമൻ ഗവർണർ ക്വിന്റിലിയുസ് വാരൂസ്, രണ്ടായിരം യഹൂദരെയാണ് കുരിശിൽ തറച്ച് ജറുശലെമിലെ വഴിയരികിൽ നാട്ടിനിർത്തിയത്. വാരൂസ് ഗലീലിയയിലേക്ക് അയച്ച ഗായുസ് എന്ന പട്ടാളമേധാവി നസ്രത്തിനടുത്തുള്ള സെഫോറിസ് എന്ന പട്ടണം മുഴുവനും തീയിട്ടു നശിപ്പിച്ചു. സ്നാപകനും യേശുവിനുമൊക്കെ മൂന്നോ നാലോ വയസുള്ളപ്പോൾ നടന്ന സംഭവങ്ങളാണ് ഇവ. ഈ കഥകളൊക്കെ കേട്ടാണ് അവർ വളർന്നുവന്നത്. യേശുവെന്ന മിശിഹായ്ക്ക് ഈ കഥ മാറ്റിയെഴുതാൻ പറ്റുമെന്നുള്ളതിന് സ്നാപകൻ എത്ര കാത്തിരുന്നിട്ടും സൂചനകളൊന്നും ലഭിച്ചുമില്ല. മിശിഹായുടെ ആഗമനത്തോടെ പ്രകടമായ മാറ്റങ്ങൾ ഇസ്രായേലിൽ സംഭവിക്കുമെന്നുള്ള സ്നാപകന്റെ എല്ലാ പ്രതീക്ഷകളും ഒന്നൊന്നായി കൊഴിഞ്ഞുവീഴുകയാണ്. ഒടുക്കം അത് യേശുവെന്ന മിശിഹായിലുള്ള വിശ്വാസമില്ലായ്മയിലേക്ക് അദ്ദേഹത്തെ കൊണ്ടെത്തിച്ചുവെന്ന് സംശയിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. അതിന്റെ സൂചന സുവിശേഷങ്ങൾ നല്കുന്നുമുണ്ട്. സ്നാപകൻ തന്റെ രണ്ടു ശിഷ്യന്മാരെ അയച്ച് 'വരാനിരിക്കുന്നവൻ നീ തന്നെയോ, അതോ ഞങ്ങൾ വേറൊരുവനെ കാത്തിരിക്കണമോ' എന്നു യേശുവിനോടു ചോദിക്കുന്നുണ്ടല്ലോ (ലൂക്കാ. 7:19; മത്താ. 11:3).

ശേഷം പേജ് 8 കാണുക



# ദുഃഖത്തിലും സന്തോഷത്തിലും

**ജോ**സഫ് സ്ക്രിവൻ ജനിച്ചത് അയർലൻഡിലെ ഡബ്ളിനിലായിരുന്നു. പഠനത്തിൽ മിടുക്കനായിരുന്നു അദ്ദേഹം. കോളജ് വിദ്യാഭ്യാസം കഴിഞ്ഞയുടനെ നല്ലൊരു ജോലി ലഭിച്ചു. അധികം താമസിയാതെ വിവാഹവും നിശ്ചയിക്കപ്പെട്ടു.

അദ്ദേഹത്തിനു പരിചിതയായിരുന്നു വധു. അതീവ സുന്ദരിയായിരുന്ന ആ പെൺകുട്ടിക്കു സ്ക്രിവനെപ്പോലെ ഉയർന്ന ബുദ്ധിശക്തിയുമുണ്ടായിരുന്നു. തങ്ങളുടെ ഭാവിജീവിതത്തെക്കുറിച്ച് സ്വപ്നങ്ങൾ കൈമാറിയ അവർ വിവാഹത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം നടത്തി.



എന്നാൽ, വിവാഹത്തിന്റെ തലേദിവസം ഒരു അപകടത്തിൽ ആ പെൺകുട്ടി മരിച്ചു. ഈ ദുരന്തം സ്ക്രിവനെ വല്ലാതെ തകർത്തു.

ദുഃഖത്തിൽ നിന്നു മുക്തി നേടുവാൻ സ്ക്രിവൻ ജോലിയുപേക്ഷിച്ചു നാടുനീളെ അലയുവാൻ തുടങ്ങി. അധികം താമസിയാതെ അയർലൻഡിൽ നിന്ന് കാനഡയിലേക്കു കുടിയേറി.

കാനഡയിലെത്തിയ സ്ക്രിവൻ തന്റെ ജീവിതം കാരുണ്യപ്രവൃത്തികൾക്കായി മാറ്റിവച്ചു. ദുഃഖിതരെയും പീഡിതരെയും തെരഞ്ഞുപിടിച്ച് അവരെ സഹായിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ. പ്രതിഫലം പറ്റാതെയുള്ള സേവനമായിരുന്നു അദ്ദേഹത്തിന്റേത്. തന്മൂലം സാമ്പത്തികമായി അദ്ദേഹം എന്നും ഏറെ പിന്നിലായിരുന്നു.

ജീവകാരുണ്യപ്രവൃത്തികൾക്കായി ജീവിതം സമർപ്പിച്ച സ്ക്രിവൻ ഒരിക്കൽ ഒരു കവിത എഴുതി. പ്രസിദ്ധീകരിക്കുവാൻ വേണ്ടി എഴുതിയ കവിതയായിരുന്നില്ല അത്. പല കാരണങ്ങളാലും ദുഃഖിതയായിരുന്ന തന്റെ അമ്മയ്ക്ക് ആശ്വാസം നൽകുവാൻ എഴുതിയതായിരുന്നു അത്.

തന്റെ അമ്മയൊഴികെ മറ്റാരും കാണുവാൻ ഉദ്ദേശിച്ചിട്ടില്ലാതിരുന്ന ആ കവിത സ്ക്രിവന്റെ ഒരു സുഹൃത്ത് ഒരിക്കൽ കാണുവാനിടയായി. ആ സുഹൃത്തിന്റെ പരിശ്രമംമൂലം ഈ കവിതയ്ക്ക് സംഗീതം നൽകി മനോഹരമായ ഒരു ഭക്തിഗാനമായി അതിനെ മാറ്റി. ആ ഗാനത്തിന്റെ വരികൾ ഇവിടെ മലയാളത്തിലേക്കു പകർത്തട്ടെ:

നമ്മുടെ സകല പാപങ്ങളും ദുഃഖങ്ങളും
താങ്ങാൻ എത്ര നല്ല സുഹൃത്താണു യേശു!
എല്ലാം പ്രാർഥനയിൽ ദൈവത്തിങ്കലേക്കു
വഹിക്കാമെന്നതെത്ര ഭാഗ്യം!
എത്ര സ്വസ്ഥത വെറുതേ നാം നഷ്ടപ്പെടുത്തുന്നു!
എത്ര നൊമ്പരം വെറുതേ നാം സഹിച്ചിടുന്നു!
എല്ലാം പ്രാർഥനയിൽ ദൈവത്തിങ്കലേക്കു
വഹിക്കാത്തതുകൊണ്ടുമാത്രം!

1886ൽ സ്ക്രിവൻ ഇഹലോകവാസം വെടിഞ്ഞു. എന്നാൽ, അദ്ദേഹം രചിച്ച ഈ ഈരടികൾ ഇപ്പോഴും ഇംഗ്ലീഷിലെ ഭക്തിഗാനങ്ങളുടെ മുൻനിരയിൽത്തന്നെയുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ ഗാനം ഇപ്പോഴും ആവേശപൂർവം ആലപിക്കപ്പെടുന്നു.

നോബൽ സമ്മാനം നേടിയ സാഹിത്യകാരനായ ഐസക് ബി. സിംഗർ ഒരിക്കൽ പറഞ്ഞു: എനിക്കെന്തെങ്കിലും പ്രശ്നമുണ്ടായാൽ ഞാൻ ഉടനേ പ്രാർത്ഥനയിലേക്കു തിരിയും. എനിക്ക് എപ്പോഴും ഓരോരോ പ്രശ്നങ്ങളുള്ളതുകൊണ്ട് ഞാൻ ഒരു ദിവസം പോലും പ്രാർത്ഥിക്കാതിരിക്കുന്നില്ല.

തന്റെ ജീവിതത്തിൽ പ്രശ്നങ്ങളുള്ളതുകൊണ്ടു മാത്രമായിരുന്നില്ല സിംഗർ പ്രാർഥിച്ചിരുന്നത്; പ്രാർത്ഥനയിലൂടെ ദൈവവുമായി ബന്ധപ്പെടുവാൻ സാധിക്കുമെന്ന് അറിഞ്ഞിരുന്നതുകൊണ്ടുകൂടിയാണ്.

നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രമല്ല നാം പ്രാർഥിക്കേണ്ടത്. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണു പ്രാർഥിക്കുന്നതെങ്കിൽ നമ്മുടെ പ്രാർഥന തീർത്തും അർത്ഥരഹിതമാണ് എന്നോർക്കുക.

നമ്മുടെ സന്തോഷങ്ങളും ദുഃഖങ്ങളുമെല്ലാം പ്രാർഥനയിലൂടെ ദൈവസന്നിധിയിൽ കൊണ്ടുവരുവാൻ നമുക്കു സാധിക്കണം. അങ്ങനെ ചെയ്താൽ നമ്മുടെ പ്രാർത്ഥനയുടെ ഫലം അത്ഭുതാവഹമായിരിക്കും.

നമ്മുടെ ദുഃഖങ്ങൾ പ്രാർഥനയിലൂടെ ദൈവസന്നിധിയിൽ കൊണ്ടുവന്നാൽ അതുവഴി ലഭിക്കുന്ന ആത്മസമാധാനം വലുതായിരിക്കും. അതുപോലെതന്നെ, നമ്മുടെ സന്തോഷങ്ങൾ പ്രാർഥനയിലൂടെ ദൈവസന്നിധിയിൽ കൊണ്ടുവന്നാൽ നമ്മുടെ ജീവിതസന്തോഷം ഇരട്ടിക്കുകയും ചെയ്യും.



# മരണവും ജീവനും





**മ**രണത്തെക്കുറിച്ച് ബൈബിൾ ധാരളം കാര്യങ്ങൾ പറയുന്നുണ്ട്. അതിൽ പ്രധാനമയി മരണശേഷം എന്തു സംഭവിക്കുന്നു എന്നതാണ് കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത്. ശാരീരിക മരണവും, ആത്മീക മരണവും എന്നത് ഒന്നു മറ്റൊന്നിൽ നിന്നും വ്യത്യസ്ഥമാണ്. ശാരീരിക മരണം എന്നു പറയുന്നത് ശരീരത്തിൽ നിന്ന് ജീവൻ പോകുന്നതിനെയാണ് കുറിക്കുന്നത്. ആത്മീക മരണം എന്നു പറയുന്നത് ജീവൻ ദൈവത്തിൽനിന്നും അകലുന്നതിനെക്കുറിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ശാരീരിക മരണവും ആത്മീക മരണവും വളരെ ബന്ധപ്പെട്ട് കിടക്കുന്നതായി നമുക്ക് കാണാം. മരണം എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്ന ആദ്യഭാഗത്തിൽ തന്നെ ശാരീരിക മരണവും, ആത്മിക മരണവും ഉൾക്കൊള്ളിച്ചുകൊണ്ടാണ് പറഞ്ഞിരിക്കുന്നത് എന്നും നമുക്ക് കാണാം. ഉല്പത്തി പുസ്തകം ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ ദൈവം സൃഷ്ടിച്ച എല്ലാ സൃഷ്ടിജാലങ്ങളെക്കുറിച്ചും പറയുന്നുണ്ട്. സൃഷ്ടിക്കപ്പെട്ട എല്ലാ മൃഗങ്ങൾക്കും ജീവൻ ഉണ്ടായിരുന്നു, ആ ജീവൻ അവകൾക്ക് ഈ ഭൂമിയിൽ ജീവിക്കുവാനുള്ള ശക്തി ശരീരത്തിൽ പകർന്നു കൊടുത്തു. എന്താണ് ജീവന്റെ ആധാരം എന്ന് കണ്ടെത്തുവാൻ സാധിക്കാതെ ശാസ്ത്രജ്ഞന്മാർ ഇന്നും ഇരുട്ടിൽ തപ്പുകയാണ്. എന്നാൽ ദൈവമാണ് ജീവന് ആധാരം എന്ന് ബൈബിൾ വളരെ വ്യക്തമായി പറയുന്നു (ഉൽപ്പത്തി 1:11–28; 1 തിമൊ. 6:13,14). മനുഷ്യർക്ക് കൊടുത്ത ജീവനിൽനിന്നും വളരെ വ്യത്യസ്ഥമായാണ് മൃഗങ്ങൾക്ക് ദൈവം ജീവനെ കൊടുത്തത്. ഉൽപ്പത്തി 2:7–ൽ ‘ദൈവം മനുഷ്യന്റെ മൂക്കിൽ ജീവശ്വാസം ഊതി, അവൻ ജീവനുള്ള ദേഹമായിത്തീർന്നു’ എന്നാണ് എഴുതിയിരിക്കുന്നത്. എന്നാൽ മൃഗങ്ങൾക്കുള്ളത് വെറും ശാരീരിക ജീവൻ (physical life) മാത്രമാണ്, എന്നാൽ മനുഷ്യനിലുള്ളത് ശാരീരിക ജീവനും (physical life) ആത്മീക ജീവനും (spiritual life) കൂടെയാണ്. അതുകൊണ്ട് മനുഷ്യന്റെ മരണത്തിന് ശാരീരികമായ തലങ്ങളും, ആത്മീകമായ തലങ്ങളും ഉണ്ട്. ഉല്പത്തി 2:17–ൽ ദൈവം ആദാമിനോട് പറഞ്ഞു, “എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും.” ചില ബൈബിൾ വിമർശകർ ഈ വാക്യത്തെ കാണിച്ച് പറയാറുണ്ട്, ‘ബൈബിൾ തെറ്റാണ്, കാരണം ആദാമും ഹവ്വായും വിലക്കപെട്ട ഫലം തിന്ന നാളിൽ മരിച്ചില്ല!’ എന്നാൽ വ്യത്യസ്ഥമായ ജീവനും, വ്യത്യസ്ഥമായ മരണവും ഉണ്ട് എന്നുള്ള കാര്യം നാം മനസ്സിലാക്കണം. ഒരു വ്യക്തി ശാരീരിക ജീവനുള്ളവൻ ആയിരിക്കുമ്പോൾ തന്നെ അവൻ ആത്മീകമായി മരിച്ചവനും ആയിരിക്കാം (എഫെ. 2:1,5), ഇത് തിരിച്ചും സംഭവിക്കാം (മത്തായി 22:32). പാപം ചെയ്ത ആ നിമിഷം തന്നെ ആദാമും ഹവ്വായും ആത്മീകമായി മരിച്ചു, അതായത് ദൈവീക ജീവനിൽനിന്നും അവർ അകന്നു, ഏദെൻ അവർക്ക് നഷ്ടപ്പെട്ടു, അവർ ദൈവത്തിന്റെ ന്യായവിധിക്ക് പാത്രീഭൂതരായിത്തീർന്നു (നിത്യമായ മരണം). അവർക്ക് നാണം തോന്നിയതുകൊണ്ടാണ് അവർ ദൈവത്തിന്റെ സന്നിധിയിൽനിന്നും ഓടിമാറുന്നത് (ഉല്പത്തി 3:8). അവർ ഉള്ളുകൊണ്ട് ദൈവത്തിൽനിന്നും അകന്നു എന്നാണ് ഇത് കാണിക്കുന്നത്. ആ അകൽച്ച അവരുടെ പുറമെയുള്ള ജീവിതത്തിലും നമുക്ക് ദർശിക്കുവാനായി സാധിക്കും. വൃക്ഷഫലം ഭക്ഷിച്ച ആ നിമിഷത്തിൽ തന്നെ ആത്മീക മരണം സംഭവിച്ച ആദാമിലും ഹവ്വായിലും ശാരീരിക മരണത്തിന്റെ പ്രക്രിയ ആരംഭിക്കുകയും അങ്ങനെ അനേക വർഷങ്ങൾക്കുശേഷം അവരിൽ ശാരീരിക മരണം സംഭവിക്കുകയും ആയിരുന്നു. ഒരു പൂവിനോടുള്ള ബന്ധത്തിൽ ഇതിനെ നമുക്ക് ചിന്തിക്കാം. നിങ്ങളുടെ പൂന്തോട്ടത്തിൽ വിടർന്നുവന്ന ഒരു പൂവിൽ ജീവൻ ഉണ്ടെന്ന് നിങ്ങൾക്ക് അറിയാം. കാരണം ആ പൂവ് തണ്ടിനോടും, വേരിനോടും ബന്ധപ്പെട്ടിരിക്കുന്നു, ഭൂമിയിൽ നിന്ന് വേണ്ട പോഷണം സ്വീകരിക്കുന്നു. എന്നാൽ ആ പൂവിനെ നിങ്ങൾ ഇറുത്തെടുത്തു കഴിഞ്ഞാൽ കുറച്ചുനേരത്തേക്ക് അതിൽ ജീവന്റെ ലക്ഷണങ്ങൾ ഉണ്ടായിരിക്കും. ആ പൂവ് പറിച്ചെടുത്തപ്പോൾ എങ്ങനെ കാണപ്പെട്ടോ അതുപോലെതന്നെ കുറെനേരം ഇരിക്കും (ആ പൂവ് ആയിരിക്കുന്ന സാഹചര്യം അനുസരിച്ചായിരിക്കും ഈ നിലനിൽപ്പ് എന്നതും നാം മനസ്സിലാക്കണം). ഇറുത്തെടുത്തു കഴിഞ്ഞിട്ട് നിങ്ങൾ എത്ര പരിചരണം ആ പൂവിന് കൊടുത്താലും, ജീവൻ നഷ്ടപ്പെട്ട പൂവിന് വീണ്ടും ജീവൻ തിരിച്ചു കൊടുക്കുവാൻ നിങ്ങൾക്ക് സാധ്യമല്ല. ഈ സത്യം തന്നെയാണ് മനുഷ്യകുലത്തിനും സംഭവിക്കുന്നത്. ആദാം പാപം ചെയ്തതോടുകൂടി ലോകത്തിൽ മരണം കടക്കുകയും ആ മരണം എല്ലാ ജീവജാലങ്ങളെയും ബാധിക്കുകയും ചെയ്തു (റോമർ 5:12). മരണമില്ലാത്ത ഒരു അവസ്ഥയെക്കുറിച്ച് നമുക്ക് ചിന്തിക്കാനേ സാധിക്കില്ല, എന്നാൽ ആദാമ്യ പാപത്തിനുമുമ്പ് അങ്ങനെ ആയിരുന്നു എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. പാപം ലോകത്തിൽ കടന്നപ്പോൾ ജീവനുള്ള എല്ലാ ജീവജാലങ്ങളിലും മരണം എന്ന പ്രക്രിയ ആരംഭിച്ചു. ശാരീരിക മരണം സംഭവിക്കുമ്പോൾ ജീവന്റെ ആധാരമായിരിക്കുന്ന ശക്തി നമ്മുടെ ശരീരത്തിൽനിന്നും തീർച്ചയായും വിട്ടുമാറപ്പെടുന്നു. അങ്ങനെ ജീവശക്തി നമ്മിൽനിന്നും മാറ്റപ്പെട്ടുകഴിഞ്ഞാൽ പിന്നെ അതിനെ തിരിച്ചെടുക്കുക അസാധ്യമാണ്. Clinical death-നും Biological death നും തമ്മിൽ വ്യത്യാസമുണ്ട് എന്ന് വൈദ്യശാസ്ത്രവും സമ്മതിക്കുന്നുണ്ട് . Clinical death ശരീരത്തിലെ വളരെ പ്രധാനപ്പെട്ട അവയവങ്ങൾ പ്രവർത്തനരഹിതമായിട്ടുണ്ടാകുന്ന മരണം. ഇങ്ങനെ പ്രധാനപ്പെട്ട അവയവങ്ങളിൽ ചിലത് പ്രവർത്തിക്കാതെ മരണം സംഭവിക്കുമ്പോൾ മറ്റ് അവയവങ്ങൾ കുറച്ച് സമയംകൂടെ പ്രവർത്തനനിരതമായിരിക്കും.

*ശേഷം പേജ് 7 തുടർച്ച*



# വേദാഭിമാനിയുടെ മറുപടി

**ആരാണ് അല്ലെങ്കിൽ എന്താണ് മൽക്കിസേദെക്ക്. മൽക്കീസേദെക്കിന്റെ വംശാവലിയെക്കുറിച്ചോ, മാതാപിതാക്കളെക്കുറിച്ചോ വേദപുസ്തകത്തിൽ ഒന്നും പറഞ്ഞിട്ടില്ല. അങ്ങനെയൊരാൾ ജീവിച്ചിരുന്നു എന്നതിന് ഒരു സ്ഥിരീകരണവുമില്ല. പിന്നെയെന്തിനാണ് ഇല്ലാത്ത ഒരു കഥാപാത്രത്തെ യേശുവിന്റെ നിത്യപൗരോഹിത്യവുമായി ബന്ധിപ്പിച്ചത്.**

-തോമസ് മാമ്മൻ, എസ്.എൻ.പുരം, പാമ്പാടി, കോട്ടയം

മൽക്കിസെദെക്കു എന്ന് പറഞ്ഞാൽ ഒരു പേരല്ല, അതൊരു സ്ഥാനമാണ് മന്ത്രി, രാജാവ്, പുരോഹിതൻ... എന്ന പോലെ. ആധുനിക ചിന്തയും പഠനവും ആ നിലയിലാണ്. സങ്കീർത്തനങ്ങൾ, അദ്ധ്യായം 110 യഹോവ എന്റെ കർത്താവിനോടു അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക. നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽനിന്നു നീട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനമായിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽനിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.നീ മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ (കോഹെൻ)എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കയുമില്ല. നിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവു തന്റെ ക്രോധദിവസത്തിൽ രാജാക്കന്മാരെ തകർത്തുകളയും...

പുതിയ നിയമത്തിൽ നമുക്ക് ഈ പേര് കാണാം – എബ്രായർക്ക് എഴുതിയ ലേഖനം 6:20– 7:1. അവിടേക്ക് യേശു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പുകൂട്ടി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു. ലേവിപുത്രന്മാരിൽ പൗരോഹിത്യം ലഭിക്കുന്നവർക്കു ന്യായപ്രമാണപ്രകാരം ജനത്തോടു ദശാംശം വാങ്ങുവാൻ കല്പന ഉണ്ട്; അത് അബ്രാഹാമിന്റെ കടിപ്രദേശത്തിൽനിന്നും ഉത്ഭവിച്ച സഹോദരന്മാരോട് ആകുന്നു വാങ്ങുന്നത്, എന്നാൽ അവരുടെ വംശാവലിയിൽ ഉൾപ്പെടാത്തവൻ അബ്രാഹാമിനോടു തന്നേ ദശാംശം വാങ്ങിയും വാഗ്ദത്തങ്ങൾ പ്രാപിച്ചവനെ അനുഗ്രഹിച്ചുമിരിക്കുന്നു.



ദശാംശം വാങ്ങുന്ന ലേവിയും അബ്രാഹാം മുഖാന്തരം ദശാംശം കൊടുത്തിരിക്കുന്നു എന്നു ഒരു വിധത്തിൽ പറയാം. അവന്റെ പിതാവിനെ മൽക്കീസേദെക്ക് എതിരേറ്റപ്പോൾ ലേവി അവന്റെ കടിപ്രദേശത്ത് ഉണ്ടായിരുന്നുവല്ലോ. അഹരോന്റെ ക്രമപ്രകാരം എന്നു പറയാതെ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതൻ വരുവാൻ എന്തൊരാവശ്യം? പൗരോഹിത്യം മാറിപ്പോകുന്ന പക്ഷം ന്യായപ്രമാണത്തിനും കൂടെ മാറ്റം വരുവാൻ ആവശ്യം. എന്നാൽ ഇതു ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ അവൻ വേറൊരു ഗോത്രത്തിലുള്ളവൻ; ആ ഗോത്രത്തിൽ ആരും യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്തിട്ടില്ല. യെഹൂദയിൽനിന്നു നമ്മുടെ കർത്താവ് ഉദിച്ചു എന്നു സ്പഷ്ടമല്ലോ; ആ ഗോത്രത്തോടു മോശെ പൗരോഹിത്യം സംബന്ധിച്ചു ഒന്നും കല്പിച്ചിട്ടില്ല.

പുരാതന എബ്രായ വിശ്വാസപ്രകാരം മൽക്കീസേദെക്ക് എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് നോഹയുടെ പുത്രനായ ശെം ആണെന്നാണ് മറ്റൊരു പക്ഷം. കാരണം, നോഹ മുതൽ ഇസഹാക്ക് വരെയുള്ളവരുടെ ജീവിത രേഖ നോക്കിയാൽ മനസ്സിലാകും, ഷെം(നോഹയുടെ മകൻ)ഇസഹാക്കിന്റെ കാലം വരെയും ജീവിച്ചിരുന്നു. ആ കാലഘട്ടത്തിൽ അബ്രഹാം ആരാധിച്ചിരുന്ന ദൈവമായ യഹോവയെ ആരാധിക്കുകയും, അബ്രഹാം ദശാംശം കൊടുത്ത് ബഹുമാനിക്കുകയും ചെയ്യത്തക്ക നിലയിൽ ആയിരിക്കുകയും ചെയ്തിരുന്നത് ശെം മാത്രമാണ്. എന്നാൽ ഈ വാദവും പൂർണ്ണമായി അംഗീകരിക്കുവാൻ കഴിയില്ല.

എബ്രായ രചയിതാവ് ഇതിൽനിന്ന് വലിയൊരു കാര്യം ഉണ്ടാക്കുന്നു. ജനനമോ മരണമോ ഒന്നും രേഖപ്പെടുത്തിയിട്ടില്ലാത്ത മെൽക്കിസെദെക്കിനോടൊപ്പം അഹരോന്റെ വംശപരമ്പരയിലുള്ള പൗരോഹിത്യത്തെ അദ്ദേഹം താരതമ്യം ചെയ്യുന്നു. മെൽക്കിസെദെക്കിനെക്കുറിച്ചുള്ള ചർച്ച ശരിക്കും രസകരമാവുകയും വ്യത്യസ്ത ദിശകളിലേക്ക് പോകുകയും ചെയ്യുന്നത് ഇവിടെയാണ്.

തീർച്ചയായും, അത് യഥാർത്ഥത്തിൽ രചയിതാവിന്റെ പോയിന്റ് അല്ല. എബ്രായ രചയിതാവ് യേശുവിന്റെ ശ്രേഷ്ഠമായ പൗരോഹിത്യം കാണിക്കാൻ കൂടുതൽ താൽപ്പര്യപ്പെടുന്നു. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു മെൽക്കിസെദെക് നമുക്ക് ഇത് ഉല്പത്തിയിൽ നിന്ന് ലഭിക്കുന്നു (ഉല്പ. 14:18). ഒരു പുരോഹിതൻ ആളുകൾക്ക് വേണ്ടി മതപരമായ ആചാരങ്ങൾ ചെയ്യുന്ന ഒരാളാണ്. അവർ പതിവായി യാഗങ്ങൾ അർപ്പിക്കുകയും മനുഷ്യർക്ക് വേണ്ടി മധ്യസ്ഥത വഹിക്കുകയും ചെയ്യുന്നു. മെൽക്കിസെദെക്ക് ഏത് തരത്തിലുള്ള ആചാരങ്ങളാണ് നടത്തിയതെന്ന് ഉറപ്പില്ല. പക്ഷേ, ദൈവത്തിനുവേണ്ടി ആളുകളെ അനുഗ്രഹിക്കുന്നത് അതിലൊന്നാണെന്ന് അനുമാനിക്കാം. കാരണം മെൽക്കിസെദെക്ക് അബ്രാമിനെ അനുഗ്രഹിക്കുന്നു. യുദ്ധത്തിൽ നാല് രാജാക്കന്മാരെ പരാജയപ്പെടുത്തി അബ്രഹാം തിരിച്ചെത്തി. അപ്പോൾ മെൽക്കിസെദെക്ക് അബ്രാമിനെ അനുഗ്രഹിക്കുന്നു (സങ്കീർത്തനം 110). ഭാവി മിശിഹായെക്കുറിച്ച് പറയുന്നിടത്ത് ഒരു മാതൃകയായി പുരോഹിത രാജാവായ മെൽക്കിസെദെക്കിനെ പരാമർശിക്കുന്നതുകൊണ്ട് എബ്രായ രചയിതാവ് മെൽക്കിസെദെക്ക് 'നീതിയുടെ രാജാവ്' എന്നും ശാലേം 'സമാധാനം' എന്നും പറഞ്ഞുവയ്ക്കുന്നു. അങ്ങനെ മെൽക്കിസെദെക്ക് ക്രിസ്തുവിനെ മുൻനിഴലാക്കി, നീതിയുടെ യഥാർത്ഥ രാജാവായി പ്രസ്താവിച്ചു (എബ്രായർ 7: 2). സാദൃശ്യമനുസരിച്ച്, ലേവ്യരുടെ പൂർവ്വികനായ അബ്രഹാം മെൽക്കിസെദെക്കിന് ദശാംശം നൽകിയതുകൊണ്ട് മെൽക്കിസെദെക്ക് പൗരോഹിത്യം ലേവ്യരെക്കാൾ ശ്രേഷ്ഠമാണ്. കൂടാതെ, പഴയനിയമം മെൽക്കിസെദെക്കിന് ജനനമോ മരണമോ നിശ്ചയിക്കാത്തതുപോലെ, ക്രിസ്തുവിന്റെ പൗരോഹിത്യവും ശാശ്വതമാണ്. അബ്രഹാം മെൽക്കിസദെക്കിന് ദശാംശം കൊടുത്തപ്പോൾ മെൽക്കിസദെക്ക് അബ്രഹാമിനെക്കാൾ ശ്രേഷ്ഠൻ എന്നും അബ്രഹാമിന്റെ തുടർച്ചയായ ലേവി പൗരോഹിത്യത്തെക്കാളും ശ്രേഷ്ഠമെന്നു വരുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യ ശ്രേഷ്ടത സ്ഥാപിക്കാനായിരിക്കാം മെൽക്കിസെദെക്കിനെ യേശുവുമായി ബന്ധിപ്പിച്ചത്.



## മരണവും ജീവനും

6-ാം പേജ് തുടർച്ച

Biological death ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളും നിശ്ചലമാകുന്ന അവസ്ഥ. ഈ അവസ്ഥയിലും ചില അവയവങ്ങൾ അല്പസമയം കൂടെ പ്രവർത്തന നിരതമായിരിക്കും. പാപത്തിന്റെ ശമ്പളം മരണമാണ് (റോമർ 6:23). അങ്ങനെ മരണം എല്ലാ മനുഷ്യരിലും വ്യാപിച്ചിരിക്കുന്നു, കാരണം എല്ലാവരും പാപം ചെയ്തവരാണ്. ഈ ലോകത്തിൽ നിലനിൽക്കുന്ന പാപം കാരണവും, സ്വന്തമായി ചെയ്യുന്ന പാപങ്ങൾ നിമിത്തവും എല്ലാവരും ശാരീരിക മരണത്തിന് അർഹരാണ്. മാനുഷികമായ നിലയിൽ ചിന്തിച്ചാൽ മരണം എന്നു പറയുന്നത് അവസാനമായി ലഭിക്കുന്ന ന്യായവിധിയാണ്. എന്നാൽ ബൈബിൾ പ്രകാരം മറ്റ് അനേക അർത്ഥതലങ്ങൾ ഇതിൽ ഉള്ളതായി നമുക്ക് കാണാം. മനുഷ്യന്റെ മൂക്കിൽ ദൈവം ഊതിയ ജീവശ്വാസം വെറുമൊരു മൃഗജീവൻ അല്ലായിരുന്നു (ഉല്പത്തി 2:7). അത് ദൈവത്തിൽനിന്നും മനുഷ്യനിലേക്ക് വന്ന ജീവനായിരുന്നു, അങ്ങനെ മനുഷ്യൻ ജീവനുള്ള ദേഹി ആയി മാറി. ആത്മീകമായി, വളരെ പ്രത്യേകമായ വിധത്തിൽ, ദൈവത്തോട് ബന്ധപ്പെടാൻ പറ്റിയ നിലയിൽ ആയിരുന്നു ആദാം സൃഷ്ടിക്കപ്പെട്ടത്. അങ്ങനെ ആദാം ദൈവവുമായി വളരെ നല്ല രീതിയിൽ ബന്ധം പുലർത്തിവന്നു. എന്നാൽ അവൻ പാപത്തിൽ വീണപ്പോൾ ആ ബന്ധം വിച്ഛേദിക്കപ്പെട്ടു. ശാരീരിക മരണം സംഭവിക്കുന്നതിനു മുമ്പും അതിനു പിമ്പും ആത്മീക മരണത്തിന് പ്രാധാന്യം ഉണ്ട്. പാപം ചെയ്തതിനുശേഷവും ആദാം ശാരീരികമായി ജീവനുള്ളവനായിരുന്നു എങ്കിലും അവൻ ആത്മീകമായി മരിക്കയും ദൈവവുമായുള്ള ബന്ധത്തിൽനിന്ന് അകലുകയും ചെയ്തു. ഈ ലോകത്ത് നാം ജീവിക്കുമ്പോൾ നമ്മിൽ ഉണ്ടാകുന്ന ആത്മീക മരണം കാരണമാണ് നമുക്ക് ദൈവത്തിന്റെ അനുകൂലം ലഭിക്കാതെ വരുന്നതും ദൈവീക ജ്ഞാനവും ദൈവത്തിനുവേണ്ടിയുള്ള ആഗ്രഹവും നമ്മിൽ ഇല്ലാതെ ഇരിക്കുന്നതും. നാം ഈ ലോകത്തിൽ ജനിക്കുമ്പോൾ അതിക്രമങ്ങളാലും, പാപങ്ങളാലും മരണപ്പെട്ട അവസ്ഥയിൽ ആണ് ജനിച്ചുവീഴുന്നത് എന്ന് ബൈബിൾ വളരെ വ്യക്തമായി പറയുന്നു (എഫെ. 2:1-5). അതുകൊണ്ടാണ് പാപസ്വഭാവം, പാപത്തിലേക്ക് പോകുവാനുള്ള ഒരു ആഗ്രഹം നമ്മിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നാൽ യേശു പഠിപ്പിച്ച പ്രകാരം ഈ ആത്മീക മരണത്തിൽനിന്നും വിടുതൽ പ്രാപിക്കുവാനുള്ള പോംവഴി നമ്മിൽ ഒരു വീണ്ടും ജനനം (ഒരു ആത്മീക ജനനം) ഉണ്ടാകണം എന്നതാണ് (യോഹ. 3:3-5). അത് സംഭവിക്കുന്നത് നാം കർത്താവിൽ വിശ്വസിക്കുമ്പോൾ ആണ്. യോഹന്നാൻ 15:1-6 വരെയുള്ള വാക്യങ്ങളിൽ യേശു പറഞ്ഞപ്രകാരം ഈ ജനനത്താൽ നാം വീണ്ടും ജീവന്റെ ദാതാവുമായി ബന്ധപ്പെടുകയാണ്. കർത്താവായ യേശുക്രിസ്തുവുമായി നാം ബന്ധപ്പെട്ടിട്ടില്ലാ എങ്കിൽ നമ്മിൽ യഥാർത്ഥ ജീവൻ ഇല്ല എന്നതാണ് വാസ്തവം. എന്നാൽ യേശു നമ്മിൽ ഉണ്ടെങ്കിൽ നമ്മിൽ ഉള്ളത് യഥാർത്ഥ ജീവൻ ആണ് (1 യോഹ. 5:11-12).

ദൈവത്തിന്റെ രക്ഷയെ അംഗീകരിക്കാത്തവരെ സംബന്ധിച്ചിടത്തോളം ശാരീരിക മരണവും ആത്മീക മരണവും പിന്നത്തേതിൽ രണ്ടാം മരണത്തിലേക്ക് അവരെ നയിക്കുന്നു (വെളിപ്പാട് 20:14). ചിലർ പഠിപ്പിക്കുന്നതുപോലെ ഈ രണ്ടാമത്തെ മരണം എന്നു പറയുന്നത് ഒരു ഉന്മൂലനാശം അല്ല. എന്നാൽ ഈ രണ്ടാം മരണത്തിൽ ഒരുവന് ബോധമുണ്ടായിരിക്കും, താൻ ചെയ്ത പാപങ്ങൾക്ക് നിത്യനരകത്തിൽ യാതന അനുഭവിക്കേണ്ടതായി വരും. ഈ അവസ്ഥയെ ആണ് ദൈവത്തിന്റെ സന്നിധിയിൽനിന്ന് എന്നെന്നേക്കുമായി മാറ്റപ്പെട്ട അവസ്ഥ എന്നു പറയുന്നത് (2 തെസ്സ. 1:9, 10). മാത്രമല്ല ഒരു വ്യക്തി സുബോധത്തോടുകൂടെ തന്നെ നിത്യനരകത്തിൽ ആയിരിക്കും എന്ന് ലൂക്കോസ് 16:19-31 വരെയുള്ള വാക്യങ്ങളിൽ ധനവാന്റെയും ലാസറിന്റെയും സംഭവം പറഞ്ഞ് യേശു വെളിപ്പെടുത്തുന്നുണ്ട്. ആരും നഷ്ടപ്പെട്ടുപോകാതെ എല്ലാവരും മാനസാന്തരപ്പെടേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. കാരണം ആരും ആത്മീക മരണത്തിൽ ആയിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ രക്ഷയെ സ്വീകരിച്ചവർ മരണത്തിൽനിന്നും ജീവനിൽ കടന്നവർ ആണ് (1 യോഹ. 3:14). അവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല (വെളിപ്പാട് 20:6).

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Mar: 2022 at RMS Kayamkulam
Published on Ist Mar: 2022
RNI Registered No. KERMAL/2002/7361



## പൊട്ടിയ പാത്രം

കാലികം

**പ**തിനഞ്ചാം നൂറ്റാണ്ടിൽ ജപ്പാനിൽ അഷികാഗ യോഷിമാസ എന്നൊരു 'ഷോഗൺ' ഉണ്ടായിരുന്നു. ചക്രവർത്തി നിയമിക്കുന്ന പടത്തലവനാണ് ഷോഗൺ. വലിയ അധികാരങ്ങളുള്ള ആൾ.

ഒരിക്കൽ അഷികാഗ യോഷിമാസയുടെ കൈയിൽനിന്ന് ഒരു ചായപ്പാത്രം വീണു പൊട്ടി. മനോഹരമായ ആ പാത്രം അങ്ങനെ ഉപേക്ഷിക്കാൻ യോഷിമാസയ്ക്ക് മനസ്സു വന്നില്ല. പാത്രം ചേർത്തൊട്ടിച്ചു ശരിയാക്കാനായി അദ്ദേഹം അത് ചൈനയിലേക്കയച്ചു. . എന്നാൽ ഒട്ടിച്ചു തിരിച്ചുകൊണ്ടുവന്ന പാത്രം കണ്ടതോടെ യോഷിമാസയുടെ നിരാശ കുടി. ഒട്ടും വൃത്തിയില്ല! ലോഹക്കഷണങ്ങളും മറ്റും ഒരു ഭംഗിയുമില്ലാതെ തള്ളിനിൽക്കുന്നു.

പെട്ടെന്നാണ് യോഷിമാസയ്ക്ക് ഒരാശയം തോന്നിയത്. എന്തിന് ചൈനയിലേക്കൊക്കെ കൊടുത്തുവിടുന്നു? ഈ നാട്ടിലുമുണ്ടല്ലോ. കലാകാരന്മാരായ നല്ല പണിക്കാർ! അങ്ങനെ യോഷിമാസ പാത്രം വിദഗ്ധനായ ഒരു പണിക്കാരനെ ഏല്പിച്ചു. എന്നിട്ടു പറഞ്ഞു: "ഇതു ചേർത്തൊട്ടിക്കണം; വളരെ ഭംഗിയായിരിക്കുകയും വേണം! '

മിടുമിടുക്കനായ ആ പണിക്കാരൻ ആ വെല്ലുവിളി ഏറ്റെടുത്തു.

വൈകാതെ അയാൾ പാത്രം ശരിയാക്കി കൊണ്ടുവന്നു. പാത്രം കണ്ട് യോഷിമാസ അത്ഭുതപ്പെട്ടുപോയി.

പൊട്ടിയ മുറിപ്പാടിനെല്ലാം സ്വർണനിറം! ഇപ്പോൾ കണ്ടാൽ പാത്രം സ്വർണനൂലുകൊണ്ട് അലങ്കരിച്ചതുപോലെ തോന്നും!

പൊട്ടുന്നതിനു മുൻപുള്ളതിനേക്കാൾ ഗംഭീരമാണ് ഇപ്പോൾ ആ പാത്രം!

ജപ്പാനിൽ അതൊരു തുടക്കമായി!, പൊട്ടിയ പാത്രങ്ങൾ സ്വർണം ചേർത്ത പ്രത്യേക കൂട്ടുകൊണ്ട് ഒട്ടിക്കുന്ന 'കിൻസുഗി' എന്ന വിദ്യയുടെ പിറവിയായിരുന്നു അത്.

വൈകാതെ കിൻസുഗി വലിയൊരു ജീവിതപാഠമായി ജപ്പാൻ കാർ കണ്ടുതുടങ്ങി. ജീവിതത്തിലെ ഏതു തിരിച്ചടിയും പാത്രം പൊട്ടുന്നതുപോലെയാണ്. ആ സമയത്ത് നിരാശപ്പെടുന്നതിനു പകരം അതു കൂടുതൽ തിളക്കത്തോടെ ഭംഗിയായി ചേർത്തൊട്ടിക്കാനാകും! അതായിരുന്നു കിൻസുഗി പഠിപ്പിച്ച പാഠം!



## വാഴ്ചകൾ അധികാരങ്ങൾ

**ഗ്രീ**ക്കു ഭാഷയിലെ ആർക്കായ് എന്ന പദവും ഡൂനമെയിസ് എന്ന പദവും പുതിയനിയമത്തിൽ വാഴ്ചകൾ, അധികാരങ്ങൾ എന്നു വിവർത്തനം ചെയ്തിരിക്കുന്നു. വാഴ്ച എന്ന പദത്തിനു പകരം ഭരണമെന്നും അധികാരമെന്നതിന്റെ സ്ഥാനത്ത് ശക്തിയെന്നും തർജ്ജമ ചെയ്യാവുന്നതാണ്. പൗലൊസിന്റെ ലേഖനങ്ങളിലാണ് ആർക്കായ്, ഡൂനമെയിസ് എന്നിവ പ്രധാനമായും കാണുന്നത് (2 കൊരി. 12:12; റോമ. 8:38; എഫെ. 3:10; 6:12). ഇവ ദൂതന്മാരെയും ആകാശശക്തികളെയും സാത്താന്റെ അധികാരപരിധിയെയും കുറിക്കുന്നു. ഈ പദങ്ങളുടെ പര്യായങ്ങളും ഇവയോടു ബന്ധമുള്ള മറ്റു പദങ്ങളും പൗലൊസ് ഉപയോഗിക്കുന്നുണ്ട്. എക്സുസീയ (അധികാരങ്ങൾ, 1 കൊരി. 15:24; എഫെ. 1:21), ആർഖൊന്റസ് (ഭരണകർത്താക്കൾ, എഫെ. 2:2), ത്രോണൊയി (സിംഹാസനങ്ങൾ, കൊലൊ. 1:16), കുറിയോ റ്റേറ്റെസ് (കർതൃത്വങ്ങൾ, കൊലൊ. 1:16), കൊസ്മോക്രാറ്റേറെസ് (ലോകാധിപന്മാർ, എഫെ.6:12), സ്റ്റോയിഖെയി (ആദിഭൂതങ്ങൾ, മൂലപദാർത്ഥങ്ങൾ. കൊലൊ. 2:8,20). ഈ പദങ്ങൾ യഹൂദ, ഗ്രീക്ക്, റോമൻ മതങ്ങളിൽ പ്രചാരത്തിലിരുന്നു. കൂടാതെ, കിസ്തുവർഷം ഒന്നാം നൂറ്റാണ്ടിലെ വാനശാസ്ത്രത്തിന്റെ സ്വാധീനവും ഈ പ്രയോഗങ്ങളിൽ കാണാം. ഗുണപരവും ദോഷപരവുമായ വാഴ്ചകളും അധികാരങ്ങളും ഉണ്ടായിരുന്നുവെന്നും മനുഷ്യർ വിശ്വസിച്ചിരുന്നു. വാനജീവികൾക്കും നക്ഷത്രങ്ങൾക്കും മനുഷ്യരുടെ വിധി നിർണ്ണയിക്കുന്നതിൽ പങ്കുണ്ടെന്നും ചില മതങ്ങൾ പഠിപ്പിച്ചിരുന്നു. ഇങ്ങനെയുള്ള എല്ലാ ശക്തികളുടെമേലും കിസ്തുവിന് കർതൃത്വമുണ്ടെന്ന് പൗലൊസ് തറപ്പിച്ചു പറയുന്നു (കൊലൊ. 1:16; 2:20; എഫെ, 6:12). ഈവക ശക്തികൾ തിന്മയുടെ ശക്തികളാണെന്നും സാത്താന്റെ അധികാരത്തിൻ കീഴിലാണെന്നും വിവരിച്ചിരിക്കുന്നു (എഫെ. 1:20; 1 പത്രൊ . 3:22). ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽ പങ്കാളികളാകുന്നതിന്റെ ഫലമായി ലഭിക്കുന്ന ശക്തിയാൽ ഈ ദുഷ്ടശക്തികളെ ചെറുക്കേണ്ടതാണ്. കൊലൊസ്യ ലേഖനത്തിൽ പ്രതിപാദിക്കുന്ന ദുരുപദേശങ്ങളും ഈവക ശക്തികളുടെ സ്വാധീനത്തിലുള്ള തിന്മയെ സൂചിപ്പിക്കുന്നതാകുന്നു. എല്ലാ ദോഷശക്തികളും ഭൗമികശക്തികളും ക്രിസ്തുവിന്റെ ആധിപത്യത്തിന് വിധേയമാണെന്ന വസ്തുതയാണ് കൊലൊസ്യ ലേഖനത്തിലെ ക്രിസ്തുവിജ്ഞാനീയത്തിൽ കാണുന്നത് (1:15-20). വാഴ്ചകളുടെയും അധികാരങ്ങളുടെയും മേൽ വാഴുന്ന തലആയി കിസ്തുവിനെ ചിത്രീകരിക്കുന്നു (2:10). ക്രിസ്തു ഈ ശക്തികളെ നിർവീര്യമാക്കി യുദ്ധത്തടവുകാരെ വിജയികൾ തെരുവീഥിയിൽ പ്രദർശിപ്പിക്കുന്നതുപോലെ അവയുടെമേൽ നിർണ്ണായക വിജയം കൈവരിച്ചു. ആകയാൽ ഈ പ്രാപഞ്ചികശക്തികളുടെ സ്വാധീനത്താലുളവാകുന്ന ദുരുപദേശങ്ങൾക്ക് നാം അടിമകളാകരുത്.





## സ്നാപകന്റെ സംശയം

പേജ് 5 തുടർച്ച

നിരാശയിലായിരിക്കുമോ ആ മനുഷ്യൻ ചരിത്രത്തിൽ നിന്നു പിൻവാങ്ങിയത്?

സ്നാപകന്റെ അതേ കാലത്തും ലോകത്തുമാണ് യേശു ജീവിച്ചതും പ്രവർത്തിച്ചതും. എന്നിട്ടും യേശുവിന്റെ വാക്കുകളിലെവിടെയും നിരാശയുടെ ഒരു നിഴലാട്ടംപോലും നാമൊരിക്കലും കാണുന്നില്ലല്ലോ. 'ദൈവരാജ്യം നിങ്ങളുടെ ഇടയിൽ പ്രോത്ഘാടനം ചെയ്യപ്പെട്ടു കഴിഞ്ഞുവെന്ന് അവിടുന്ന് തന്റെ ശ്രോതാക്കളോട് അസന്ദിഗ്ദ്ധമായി പറഞ്ഞുകൊണ്ടേയിരുന്നു. സ്നാപക യോഹന്നാനിലെ പ്രതീക്ഷകളെ തല്ലിക്കെടുത്തിയ അതേ ലോകത്തിലേക്കു നോക്കിയാണ് യേശു തന്റെ പ്രതീക്ഷകളെ ഊതിജ്വലിപ്പിച്ചുകൊണ്ടിരുന്നത്. രണ്ടുപേർ ഒരു മുറിയിൽ നിന്ന് വെളിയിലേക്കു നോക്കുന്നു. ഒരാൾ അറ്റമില്ലാത്ത വരണ്ട മണലാരണ്യവും മറ്റേയാൾ എണ്ണമില്ലാത്ത നക്ഷത്രങ്ങളും കാണുന്നതുപോലെ ഒന്നാണ് സ്നാപകന്റെയും നസ്രായന്റെയും വിപരീതധ്രുവങ്ങളിലുള്ള കാഴ്ചകൾ-സ്നാപകനിൽ നിരാശ നിറയാൻ കാരണങ്ങൾ ഉണ്ടായിരുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു. യേശു ക്രിസ്തു വിഭാവനം ചെയ്യുന്ന ദൈവരാജ്യത്തിന്റെ എതിർദിശയിലായിരുന്നു യോഹന്നാന്റെ ചിന്തകൾ. ഇന്ന് ആത്മീയ സമൂഹവും സ്നാപകനെപ്പോലെ ദൈവരാജ്യത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടില്ലാതെ അലയുകയാണ്.




☺ ക്രിസ്തീയ കൺവൻഷനിൽ ബി.ജെ.പി. നേതാവ് പ്രസംഗിക്കുന്നു. എന്തായിരിക്കും വിഷയം?

സാബു പോൾ, വെള്ളംകല്ലൂർ, ഇരിങ്ങാലക്കുട, തൃശ്ശൂർ

☹ **അയോദ്ധ്യയും യെരുശലേമും**

☺സ്ത്രീപുരുഷസമത്വം അനിവാര്യമെങ്കിൽ?

ലീലാമ്മ പാപ്പച്ചൻ, കിഴക്കൻമുത്തൂർ, കുറ്റപ്പുഴ, തിരുവല്ല.

☹**മൂത്രപ്പുരയും ഒന്നാക്കണം**

☺കൊയ്ത്തിനായി പ്രവചനവും പ്രസംഗവുമായി ഇറങ്ങിയിരിക്കുന്നവരെ എന്തുചെയ്യണം?

മോനമ്മ സൈമൺ, പാനോട്, കാട്ടാക്കട, തിരുവനന്തപുരം

☹**കുട്ടനാട്ടിൽ കൊയ്ത്തിനിറക്കാം**

☺പിശാചും ബന്ധനവും പോരാട്ടവും ഉണ്ടെന്ന് പ്രവാചകൻ പറയുന്നു. ഞാൻ ഇതുവരെ പിശാചിനെ കണ്ടിട്ടില്ല. പിശാചിനെ നേരിട്ടു കാണാൻ ഒരു മോഹം?

കെ.സി.ജോസഫ്, കോളപ്ര, കുടയത്തൂർ, തൊടുപുഴ

☹**പ്രവാചകൻ വീട്ടിലുള്ള സമയത്ത് ചെന്നു കാണുക**

☺സ്വന്തമെന്നു പറയാൻ എനിക്ക് ഒന്നുമില്ലായെന്ന് ഒരു പ്രസംഗകൻ?

ജോബി അലക്സ്, നെല്ലിക്കുഴി, കോതമംഗലം, എറണാകുളം

☹**പേരും പേരുദോഷവും ഉണ്ടല്ലോ.**

☺അനുഗ്രഹം പ്രസംഗിക്കുന്നവർ വാസ്തവത്തിൽ എന്താണ് പ്രസംഗിക്കുന്നത്?

സിനു ജോൺസൺ, പള്ളപ്പാടി, പാറത്തോട്, കോട്ടയം

☹**സ്വപ്നങ്ങൾ വിറ്റ് കാശാക്കുന്നവരാണവർ**

☺വിമർശനം കൊണ്ട് വികൃതമാക്കാൻ ശ്രമിക്കരുത്?

കെ. വി.തോമസ്, ചതകുന്ന, മൂലപ്പാടം, നിലമ്പൂർ

☹**വികൃതമായതിനെ അത്യാവശ്യം മനുഷ്യരൂപമാക്കാനാണ് ഞാൻ ശ്രമിക്കുന്നത്.**

☺ സ്ത്രീപുരുഷ സമത്വത്തിൽ ലൈംഗീക സ്വാതന്ത്ര്യം അനിവാര്യമായിവന്നാൽ?

ഷിനു മാനുവേൽ, മല്ലശ്ശേരി, തെങ്ങിൻകാവ്, പത്തനംതിട്ട

☹**കേരളം ഒരു വേശ്യാലയമായി മാറും**




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally